കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# തലശ്ശേരി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2015-16

മുനിസിപ്പൽ ഓഡിറ്റ് കാര്യാലയം, തലശ്ശേരി

**e-mail: mltlsry.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.എം.1/28/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം,
തലശ്ശേരി, കണ്ണൂർ ജില്ല.
തീയതി: 31.01.2017

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

തലശ്ശേരി നഗരസഭ.

സർ,

വിഷയം : തലശ്ശേരി നഗരസഭ 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി നഗരസഭയുടെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 2, 3, 18 ഉം ഖണ്ഡികകളിലേയ്ക്കും ഭാഗം 3- ലെ 7, 24, 25 ഖണ്ഡികകളിലേയ്ക്കും ഭാഗം 4-5 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1) ചട്ടം 20, 23, 1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കോഴിക്കോട്.

4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ./ടി.എസ്.എം.1/28/2016

തീയതി :31.01.2017

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.08.2016 മുതൽ 24.01.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. രാജൻ സി., ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.08.2016 മുതൽ 24.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. ശ്രീഹരി മിത്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി രമണി കിഴക്കീൽ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | | ശ്രീമതി പത്മാസിനി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |

| | | |
|---|---|---|
| | | ശ്രീമതി ഉഷ എ., സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീ. രാജേഷ് കുമാർ ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീമതി സുമതി, ഓഡിറ്റർ. |
| | | ശ്രീമതി പ്രീതി, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീമതി ആമിന മാളിയേക്കൽ | 01.04.2015 മുതൽ 31.10.2015 വരെ |
| | | ഭരണനിർവ്വഹണ കമ്മിറ്റി (എസ്.ആർ.ഒ.നം.704/2015) | 01.11.2015 മുതൽ 17.11.2015 വരെ |
| | | ശ്രീ. കാരായി ചന്ദ്രശേഖരൻ | 18.11.2015 മുതൽ 11.02.2016 വരെ പൂർവ്വാഹ്നം |
| | | ശ്രീമതി നജ്മ ഹാഷിം<br>(ചെയർമാന്റെ ചുമതല) | 11.02.2016 അപരാഹ്നം 01.03.2016 വരെ |
| | | ശ്രീ.സി.കെ. രമേശൻ | 02.03.2016 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | | ശ്രീ. സതീശൻ ടി. പി. | 01.04.2015 മുതൽ 14.05.2015 വരെ |
| | | ശ്രീമതി എ.വി.ശൈലജ, പി.എ. ടു. സെക്രട്ടറി.<br>(സെക്രട്ടറിയുടെ ചാർജ്) | 15.05.2015 മുതൽ 24.05.2015 വരെ. |
| | : | ശ്രീ. രാധാകൃഷ്ണൻ പി. | 25.05.2015 മുതൽ 31.06.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ:</u>

| ക്ര. നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 01 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. ജയചന്ദ്രകുമാർ | 01.04.2015 മുതൽ 25.09.2015 വരെ |
| | | ശ്രീ.ഗിരീഷ്, എ.ഇ. (ഇൻ ചാർജ്) | 26.09.2015 മുതൽ 04.10.2015 വരെ |
| | | ശ്രീ.അലി കെ | 05.10.2015 മുതൽ 31.03.2016 വരെ |
| 02 | കൃഷി ഓഫീസർ | ശ്രീമതി സ്മിത ഹരിദാസ് | 01.04.2015 മുതൽ 24.09.2015 വരെ |
| | | സജീവൻ നായർ കെ. | 25.09.2015 മുതൽ 06.01.2016 വരെ |
| | | നബീസത്ത് ബീവി | 07.01.2016 മുതൽ 31.03.2016 വരെ |
| 03 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ; ജോസ് ബാബു | 01.04.2015 മുതൽ 31.03.2016 വരെ |
| 04 | സീനിയർ വെറ്ററിനറി സർജൻ | ഡോ.ടി.വി. ഉണ്ണികൃഷ്ണൻ | 01.04.2015 മുതൽ 15.07.2015 വരെ |
| | | ഡോ.ആർ. സേതുമാധവൻ | 16.07.2015 മുതൽ 23.09.2015 വരെ |
| | | ഡോ.വിജയകുമാർ ബി.സംഗാൾ | 24.09.2015 മുതൽ 20.01.2016 വരെ 29.01.2016 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| | | | |
| | | ഡോ.ബി.സുരേഷ് കുമാർ | 21.01.2016 മുതൽ 28.01.2016 വരെ |
| 05 | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.ഷിബി. പി. വർഗ്ഗീസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 06 | മെഡിക്കൽ ഓഫീസർ (അലോപതി) | ശ്രീമതി ധന്യ എം.കെ. | 01.04.2015 മുതൽ 31.03.2016 വരെ |
| 07 | മെഡിക്കൽ ഓഫീസർ, (ആയ്യൂർവ്വേദം) | ഡോ.എ.എൻ.സറീന | 01.04.2015 മുതൽ 31.05.2015 വരെ |
| | | ഡോ.വിശ്വനാഥൻ | 01.06.2015 മുതൽ 24.02.2016 വരെ<br>22.03.2016 മുതൽ 31.03.2016 വരെ |
| | | ഡോ.മാത്യൂസ്.വി.കുരുവിള | 25.02.2016 മുതൽ 21.03.2016 വരെ |
| 08 | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി ശ്രീജ സി.എം. | 01.04.2015 മുതൽ 31.03.2016 വരെ |
| 09 | സൂപ്രണ്ട്, ബാലവികലാംഗ സദനം | ശ്രീ.അബ്ദുറഹിമാൻ എൻ.പി. | 01.04.2015 മുതൽ 12.10.2015 വരെ |
| | | ശ്രീമതി പ്രസന്നകുമാരി സി. | 13.10.2015 മുതൽ 31.03.2016 വരെ |
| 10 | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | ശ്രീ. പുഷ്പാംഗദൻ പി.വി. | 01.04.2015 മുതൽ 31.03.2016 വരെ |
| 11 | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്.അയ്യലത്ത് | ശ്രീ. സി.കെ. സുവർണ്ണൻ | 01.04.2015 മുതൽ 31.05.2015 വരെ |
| | | കുഞ്ഞനന്തൻ മാസ്റ്റർ | 01.06.2015 മുതൽ |

| | | | |
|---|---|---|---|
| | | (ചാർജ്ജ്) | 08.06.2015 വരെ |
| | | ശ്രീമതി പി.പി.ഹേമലത | 09.06.2015 മുതൽ 31.03.2016 വരെ |
| 12 | ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ്., കൊടുവള്ളി | ശ്രീ.ബാലചന്ദ്രൻ മാത്തിൽ | 01.04.2015 മുതൽ 01.06.2015 വരെ |
| | | ശ്രീമതി വസന്ത കെ.കെ. | 02.06.2015 മുതൽ 31.03.2016 വരെ |
| 13 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ, ഓഫീസർ | ശ്രീമതി ലതിക | 01.04.2015 മുതൽ 31.03.2016 വരെ |
| 14 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | ശ്രീ. കൃഷ്ണകുമാരൻ കെ.പി. | 01.04.2015 മുതൽ 31.03.2016 വരെ |
| 15 | എസ്.സി.ഡി.ഒ. | ശ്രീ.അബ്ദുൾ ലത്തീഫ്, മാത്തിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| 16 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.പി.വി ഐസക് | 01.04.2015 മുതൽ 22.06.2015 വരെ |
| | | ശ്രീ.പ്രശാന്ത് എം. (ഇൻചാർജ്) | 23.06.2015 മുതൽ 25.06.2015 വരെ |
| | | ശ്രീ. കെ.ദിവാകരൻ | 26.06.2015 മുതൽ 31.03.2016 വരെ |
| 17 | സൂപ്രണ്ട്, മഹിളാമന്ദിരം | ശ്രീമതി മോളി എം.സി. | 01.04.2015 മുതൽ 28.09.2015 വരെ |
| | | ശ്രീമതി ശ്രീജ സി.എം. | 29.09.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം - 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 14 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | 14 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | 23 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 23 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 24 |
| 6 | പദ്ധതി അവലോകനം | 1-6 | 24 |
| 7 | തനത് വരുമാനം | 1-7 | 25 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 26 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 26 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | 27 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 28 |
| 12 | ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 1-12 | 28 |
| 13 | ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ ഫലപ്രദമല്ല | 1-13 | 28 |
| 14 | ആസ്തി രജിസ്റ്റർ | 1-14 | 29 |
| 15 | പൗരവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല | 1-15 | 29 |
| 16 | വാർഡ്സഭ സംഘാടനം | 1-16 | 30 |
| 17 | കേഷ് ബുക്ക് | 1-17 | 30 |
| 18 | മരാമത്തു പ്രവൃത്തികളിലുള്ള അപാകതകൾ | 1-18 | 30 |
| 19 | നഗരസഭ നേരിടുന്ന വെല്ലുവിളികൾ | 1-19 | 32 |
| | ഭാഗം - 2 | ഖണ്ഡിക നമ്പർ | |
| 20 | വസ്തുനികുതി - നികുതി പരിഷ്കരണം നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. | 2-1 | 34 |
| 21 | വസ്തുനികുതി - കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 2-2 | 34 |
| 22 | തൊഴിൽ നികുതി - കച്ചവടക്കാർ/വ്യാപാരികൾ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കുന്നില്ല | 2-3 | 34 |
| 23 | തൊഴിൽ നികുതി നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴൽ നികുതി ഡിമാന്റ് ചെയ്യാത്തത് സംബന്ധിച്ച്. | 2-4 | 35 |

| | | | |
|---|---|---|---|
| 24 | തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഡിമാന്റ് ചെയ്തത് സംബന്ധിച്ച്. | 2-5 | 36 |
| 25 | ഡി&ഒ ലൈസൻസ് ബാധകമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് പിരിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല | 2-6 | 36 |
| 26 | വിനോദനികുതി - ന്യൂനതകൾ | 2-7 | 38 |
| 27 | കെട്ടിട നിർമ്മാണ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്താത്തതും നിർമ്മാണാനുമതി പുതുക്കാത്തതുമായ കെട്ടിടങ്ങൾ സംബന്ധിച്ച് | 2-8 | 38 |
| 28 | കെട്ടിട നിർമ്മാണ പെർമിറ്റ്- സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 2-9 | 41 |
| 29 | പെർമിറ്റുകളുടെ വിവരങ്ങൾ മുനിസിപ്പാലിറ്റി വെബസൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല | 2-10 | 42 |
| 30 | ക്രമപ്രകാരമല്ലാത്ത നിർമ്മിതി - നഗരസഭ തുടർനടപടികൾ സ്വീകരിച്ചില്ല | 2-11 | 43 |
| 31 | ഉപയോഗശൂന്യമായ വാഹനം - ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ് | 2-12 | 44 |
| 32 | ദുരിതാശ്വാസ നിധി വരവ് ചെലവ് കണക്ക് സൂക്ഷിപ്പിലെ അപാകതകൾ: | 2-13 | 44 |
| | ഭാഗം - 3 | ഖണ്ഡിക നമ്പർ | |
| 33 | കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ കാലതാമസം - പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ വൈകുന്നു. | 3-1 | 45 |
| 34 | ജീവനക്കാരുടെ പെൻഷൻ വിഹിതം വർഷങ്ങളായി ഒടുക്കുന്നില്ല | 3-2 | 46 |
| 35 | ജീവനക്കാരുടെ ഡി.എ. കുടിശ്ശിക പി.എഫിൽ ലയിപ്പിക്കുന്നില്ല. | 3-3 | 46 |
| 36 | മുൻകൂറുകൾ അനുവദിക്കുമ്പോൾ ക്രമീകരിക്കാനുള്ള സമയപരിധി രേഖപ്പെടുത്തുന്നില്ല | 3-4 | 47 |
| 37 | മുൻകൂർ നൽകിയ തുക ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല – 35,500/- രൂപ തടസ്സത്തിൽവെക്കുന്നു. | 3-5 | 47 |

| | | | |
|---|---|---|---|
| 38 | മരം മുറിച്ച് മാറ്റൽ - ഉടമസ്ഥനിൽ നിന്ന് തുക ഈടാക്കിയിട്ടില്ല. | 3-6 | 49 |
| 39 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല – 5,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | 50 |
| 40 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചത് - കൗൺസിൽ അംഗീകരമില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-8 | 51 |
| 41 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിന് - സംഭാവന നൽകിയത് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-9 | 52 |
| 42 | വെള്ളക്കരം കുടിശ്ശിക ഒടുക്കിയത് - തുക തടസ്സപ്പെടുത്തുന്നു. | 3-10 | 52 |
| 43 | മുറിച്ചു മാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യാതിരുന്നതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-11 | 52 |
| 44 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 | 53 |
| 45 | അതുല്യം തുടർവിദ്യാഭ്യാസ പരിപാടി-അപാകതകൾ | 3-13 | 56 |
| 46 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി | 3-14 | 58 |
| 47 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 | 59 |
| 48 | മഹിളാ മന്ദിരം അന്തേവാസികൾക്ക് തയ്യൽ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും - കൈപ്പറ്റ് രശീതും രേഖകളും ഹാജരാക്കാത്തതിനാൽ ചെലവ് തുക 60,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-16 | 60 |
| 49 | പട്ടികജാതി വിഭാഗത്തിന് സ്ഥലം വാങ്ങൽ ധനസഹായം - രേഖകളുടെ അഭാവത്തിൽ 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-17 | 61 |
| 50 | ഹോമിയോ ഡിസ്പൻസറികൾക്ക് മരുന്ന് വാങ്ങൽ - കാലതാമസം ഒഴിവാക്കേണ്ടതാണ്. | 3-18 | 62 |
| 51 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്ന് വിതരണത്തിൽ കരാർ വ്യവസ്ഥ പാലിക്കുന്നില്ല | 3-19 | 63 |
| 52 | മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. | 3-20 | 64 |
| 53 | അർഹത പരിശോധിക്കാതെ സ്കോളർഷിപ്പ് അനുവദിച്ചു - തുക തിരികെ ഈടാക്കേണ്ടതാണ്. | 3-21 | 64 |

| | | | |
|---|---|---|---|
| 54 | എസ്.ജെ.എസ്.ആർ.വൈ - വ്യക്തിഗത സംരംഭത്തിന് സബ്സിഡി അനുവദിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. | 3-22 | 64 |
| 55 | ടെണ്ടർ ക്ഷണിക്കാതെയും ധനവിനിയോഗ ചട്ടങ്ങൾ പാലിക്കാതെയും അംഗണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങി - 299944/- രൂപ തടസ്സപ്പെടുത്തുന്നു. | 3-23 | 65 |
| 56 | ടെണ്ടർ ക്ഷണിക്കാതെ അധിക നിരക്കിൽ സാക്ഷരതാ കേന്ദ്രത്തിന് തയ്യൽ മെഷീൻ വാങ്ങിയത് - 74078/- രൂപ തടസ്സപ്പെടുത്തുന്നു. | 3-24 | 67 |
| 57 | ബാലവികലാംഗ സദനത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ | 3-25 | 68 |
| 58 | കോമത്ത് പാറ കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല | 3-26 | 70 |
| 59 | എസ്റ്റിമേറ്റ് റിവൈസ് ചെയ്തു- കൂടുതൽ അളവ് ടാറിംഗ് നടത്താൻ ചെലവഴിച്ച 53,944/- രൂപ തടസ്സപ്പെടുത്തുന്നു. | 3-27 | 71 |
| 60 | നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണം - അപാകത – 116207.61/- രൂപ നിരാകരിക്കുകയും 1297864.39/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. | 3-28 | 73 |
| 61 | ചിറമ്മൽ റോഡ് റീടാറിംഗ് - കെ.എസ്.യു.ഡി.പി.-യിൽ നിന്നും റിഫർമേഷൻ/റിസ്റ്റോറേഷൻ ചാർജ്ജ് ലഭ്യമാക്കിയില്ല – റീടാറിങ് ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-29 | 76 |
| 62 | കുട്ടിമാക്കൂൽ മിനിസ്റ്റേഡിയത്തിന് ഗ്യാലറി നിർമ്മാണം - രണ്ടാം ഘട്ടം - പദ്ധതി നിർവ്വഹണത്തിലെ അപാകത – തുക തടസ്സപ്പെടുത്തുന്നു. | 3-30 | 76 |
| 63 | ചിറക്കര ഗവഃ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി -എൽ.ബി.എസിന് കൺസൾട്ടൻസി ചാർജ് നൽകിയത് - തുക തടസ്സപ്പെടുത്തുന്നു. | 3-31 | 78 |
| 64 | നഗരസഭ ഓഫീസ് അറ്റകുറ്റപ്പണി - ഫർണിച്ചർ വാങ്ങിയത് - റബ്കോവിന് അധികം തുക നൽകിയത് - തുക നിരാകരിക്കുന്നു. | 3-32 | 80 |
| 65 | വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച മുൻകൂറുകൾ - തിരികെ ഈടാക്കാത്തത് സംബന്ധിച്ച്. | 3-33 | 81 |
| 66 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് - പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ല – നഗരസഭാ കൗൺസിലിന്റെയും സർക്കാരിന്റെയും അടിയന്തിര ശ്രദ്ധ | 3-34 | 83 |

| | | | |
|---|---|---|---|
| | ക്ഷണിക്കുന്നു. | | |
| 67 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - നടപ്പിലാക്കിയില്ല | 3-35 | 84 |
| 68 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് - 2015-16 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല | 3-36 | 85 |
| | ഭാഗം - 4 | ഖണ്ഡിക നമ്പർ | |
| 69 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 85 |
| 70 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 85 |
| 71 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4-3 | 85 |
| 72 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | 85 |
| 73 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 86 |
| 74 | ഓഡിറ്റ് റിക്കവറി | 4-6 | 86 |
| 75 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | 86 |
| 76 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 89 |
| 77 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 92 |
| | അനുബന്ധങ്ങൾ | ഖണ്ഡിക നമ്പർ | |
| 78 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനക്സർ 1 | 96 |
| 79 | തലശ്ശേരി നഗരസഭ – 2015-16 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ/ഷെയർ സർട്ടിഫിക്കറ്റ് /ബോണ്ടുകൾ/ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക | അനക്സർ 2 | 98 |
| 80 | ബാലൻസ് ഷീറ്റ് | അനക്സർ 3 | 100 |
| 81 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനക്സർ 4 | 101 |
| 82 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനക്സർ 5 | 102 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 24..02.2016 തിയതിയിൽ താഴെ കൊടുത്ത പ്രകാരം കൗൺസിൽ അംഗീകരിച്ചു.

മുന്നിരിപ്പ് - 20,72,47,166

വരവ് - 45,19,89,000

ചെലവ് - 49,34,91,000

നീക്കിയിരിപ്പ് - 16,57,45,166

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20.07.2016 | തിരിച്ചയച്ചിട്ടില്ല | - |

വാർഷിക കണക്കുകൾ - അപാകതകൾ

20.07.2016-ലെ എ.1-15470/09 നമ്പർ ആയി നഗരസഭാ സെക്രട്ടറി സമർപ്പിച്ച 2015-16 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക അക്കൗണ്ടിൽ ആർ.പി.-40(ബി.) ഷെഡ്യൂളിൽ വിവിധ പാസ്സ് ബുക്കുകൾ പ്രകാരം കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബാങ്ക് പാസ്സ് ബുക്കുകളുടെ/സ്റ്റേറ്റ്മെന്റുകളുടെ/ട്രഷറി സ്ക്രോളിന്റെ അഭാവത്തിൽ പരിശോധിക്കാൻ

കഴിഞ്ഞിട്ടില്ല.

(A) S.B.I Own Fund A/c No. 10618536515

(B) MFA I General Purpose Fund

(C) TPA-163 (Regular Pension)

(D) TPA – 143 (Contingent Pension)

(E) TMF

(F) TPA 262 (ശുചിത്വ മിഷൻ)

(G) TPA 190 (Provident Fund A/C)

(H) SBI സാക്ഷരത മിഷൻ അക്കൗണ്ട് നം. 10618537188

2. വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് (ഇൻകം & എക്സ്പെന്റിച്ചർ റിപ്പോർട്ട്), വരവ് (റസീറ്റ് & പെയ്മെന്റ് റിപ്പോർട്ട്), ബാലൻസ് (ബാലൻസ് ഷീറ്റ്) എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്ര.നം. | ഇനം | ഇൻകം & എക്സ്പെന്റിച്ചർ | റസീറ്റ് & പെയ്മെന്റ് | ബാലൻസ് | ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് |
|---|---|---|---|---|---|
| 1 | വസ്തുനികുതി (കറന്റ്) | 2,91,52,890 (I – 1) | 24921873 (RP -37) | 4231017 | 4035427 (B 15) |
| 2 | വസ്തുനികുതി (അരിയർ) | -- | 7576403 (RP -37) | 7576403 | 6818884(B 15) |
| 3 | തൊഴിൽ നികുതി (Inst/Prof /Trad) | 3158277 (I-1) | 3154006 | 4271 | 152296.05 (B 15) |
| 4 | തൊഴിൽ നികുതി (എംപ്ലോയീസ്) | 14066204 (I-1) | 13519374 (RP -1) | 546830 | -- |
| 5 | പരസ്യനികുതി | 1107230 (I-1) | 0 | 1107230 | ഉൾപ്പെടുത്തി കാണുന്നില്ല |
| 6 | ഷോപ്പിംഗ് കോംപ്ലക്സ് വാടക (കറന്റ്) | 17878842 (I-3) | ഉൾപ്പെടുത്തിയിട്ടില്ല | 17878842 | 1317163 (B 15) |
| 7 | ഷോപ്പിംഗ് കോംപ്ലക്സ് വാടക | -- | 1716805 (ആർ.പി.-37) | ഡിമാന്റ് ലഭ്യമല്ലാത്തതിനാൽ ബാലൻസ് കണക്കാക്കാൻ | 140905 |

| | | | | | |
|---|---|---|---|---|---|
| | (അരിയർ) | | | കഴിയില്ല | |
| 8 | ഡി. & ഒ (കറന്റ്) | 2032305 (I-4(b) | 385808 (ആർ.പി.-37) | 1646497 | 6549.44 |
| 9 | ഡി.&ഒ (കുടിശ്ശിക) | -- | 4000 (ആർ.പി.-37) | ഡിമാന്റ് ലഭ്യമല്ലാത്തതിനാൽ ബാലൻസ് കണക്കാക്കാൻ കഴിയില്ല | 92943.00 |
| 10 | സ്റ്റോറുകളുടെ വിൽപ്പന | 1214048 [I-5 (b)] | 676410 (RP – 5) | 537638 | -- |
| 11 | റിക്കവറി ഫ്രം എംപ്ലോയീസ് | 412389 (I – 9) | 0 (RP-9) | 412389 | - |

3. എ.സി.ആർ.-ലെയും (സാംഖ്യ) വാർഷിക കണക്കിലെയും ബി ഫണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം. | ഇനം | എ.സി.ആർ. (സാംഖ്യ) | വാർഷിക കണക്ക് |
|---|---|---|---|
| 01 | വിധവാ പെൻഷൻ | 0 | 566320 (ആർ.പി.-6, ഐ.-6, ഐ.-14) |
| 02 | തൊഴിൽരഹിത വേതനം | 219480 | 0 (ആർ.പി.-5) |
| 03 | 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 236160 (ഐ.-14) |
| 05 | വികലാംഗ പെൻഷൻ | 0 | 206330 |
| 06 | വാർദ്ധക്യകാലപെൻഷൻ | 0 | 1223940 |

4. പ്ലാൻ ഫണ്ട് എ.സി.ആർ പ്രകാരം എസ്.സി.പി. അലോട്ട്മെന്റായി 6137001 രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. വാർഷിക കണക്കിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ 2398893 രൂപയാണ് ചേർത്തിരിക്കുന്നത് (ആർ.പി. -24) വ്യത്യാസം 3738108

5. ഫിനാൻസ് വകുപ്പിന്റെ 19.09.2015-ലെ ജി.ഒ.(പി.)നം. 419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം എസ്.സി.പി., 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് എന്നിവയുടെ പബ്ലിക് എക്കൗണ്ടിലെ താഴെ പറയുന്ന തുകകൾ മുഴുവൻ തൻവർഷം പ്ലാൻ ഫണ്ട് ജനറലിലേക്ക് മാറ്റിയിട്ടുണ്ട്.

എസ്.സി.പി. - 4375417

13-ം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 48895538

കെ.എൽ.ജി.എസ്.ഡി.പി. - 11937000

-----------------

65207955

=========

ഇതിന് പുറമെ പ്ലാൻഫണ്ട് ജനറൽ അലോട്ട്മെന്റായി തൻവർഷം 54997958 രൂപയും ലഭിച്ചിട്ടുണ്ട്.

മേൽ വരവുകൾ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടതായി വ്യക്തമാകുന്നില്ല.

6. മെയിന്റനൻസ് ഫണ്ട് എ.സി.ആർ. പ്രകാരം റോഡ് മെയിന്റനൻസ് ഇനത്തിൽ 36832000 രൂപ അലോട്ട്മെന്റ് ലഭിച്ചതായി കാണുന്നു. എന്നാൽ വാർഷിക കണക്കിൽ 5721628 രൂപ (ആർ.പി.-24) ലഭിച്ചതായാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം 31110372 രൂപ.

7. മെയിന്റനൻസ് ഫണ്ട് എ.സി.ആർ പ്രകാരം നോൺറോഡ് ഇനത്തിൽ 15321000 രൂപ അലോട്ട്മെന്റ് ലഭിച്ചതായി കാണുന്നു. എന്നാൽ വാർഷിക കണക്കിൽ 1796025 രൂപ (ആർ.പി.-24) ലഭിച്ചതായാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം 13524975.

8. സെൻട്രൽ ഷെയർ അലോട്ട്മെന്റ് രജിസ്റ്റർ (കാഷ് ബുക്ക്) പ്രകാരം 302550 രൂപ അലോട്ട്മെന്റ് ലഭിച്ചതായി കാണുന്നു. വരവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

9. പട്ടികജാതി വികസനത്തിന് തൻവർഷം 577000 രൂപ അലോട്ട്മെന്റ് ലഭിച്ചതായി എ.സി.ആർ (സാംഖ്യ) പരിശോധിച്ചതിൽനിന്നും കാണുന്നു. റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഈ വരവ് ഉൾപ്പെടുത്തിയിട്ടില്ല.

10. എ.സി.ആർ (സാംഖ്യ) പ്രകാരം പൊതുവിദ്യാഭ്യാസത്തിന് വേണ്ടി അലോട്ട്മെന്റ് ഒന്നും ലഭിച്ചതായി കാണുന്നില്ല. എന്നാൽ ആർ.പി.-6-ൽ (-)44000 രൂപ ചേർത്തിരിക്കുന്നു.

11. ഡി.&ഒ. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആകെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക അക്കൗണ്ടുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

12. (ആർ.പി.-8) Interest Earned 4382057 രൂപയാണ്. എന്നാൽ (ഐ.- 8) – Interest Earned ആയി കാണിച്ചിരിക്കുന്ന തുക 1312525 രൂപയാണ്.

13. ആർ.പി.-9 അദർ ഇൻകം - 100000 രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ

ഐ.9-അദർ ഇൻകം - ആയി കാണിച്ചിരിക്കുന്ന തുക 512389 രൂപയാണ്.

14. വാർഷിക കണക്കിലെ താഴെ കൊടുത്തിരിക്കുന്ന ബി.-ഫണ്ട് വരവ് തുകകൾ എ.സി.ആറിലെ (സാംഖ്യ) വരവുകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ഇനം | എ.സി.ആർ (സാംഖ്യ) | വാർഷിക കണക്ക് |
|---|---|---|---|
| 01 | വിധവാ പെൻഷൻ | 0 | 566320 (ആർ.പി.-6, ഐ.-6, ഐ.-14) |
| 02 | തൊഴിൽ രഹിത വേതനം | 219480 | 0 (ആർ.പി. - 6) |
| 03 | 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 236160 (ഐ.-14, ഐ.-6) |
| 04 | വികലാംഗ പെൻഷൻ | 0 | 206330 (ഐ.-14, ഐ.-6) |
| 05 | വാർദ്ധക്യകാല പെൻഷൻ | 0 | 1223940 (ഐ.-6, ഐ.-14) |

15. താഴെ കൊടുത്തിരിക്കുന്ന ബി.-ഫണ്ട് വരവ് ചെലവുകൾ റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

| ക്ര.നം. | തരം | അലോട്ട്മെന്റ് | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 01 | ഗവ: ആയുർവ്വേദ ഹോസ്പിറ്റൽ | 150000 | 150000 | |
| 02 | ഗവ: പ്രീമെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസ്, തലശ്ശേരി | 658000 | 648685 | |
| 03 | മഹിളാ മന്ദിരം, തലശ്ശേരി | 400000 | 337882 | |
| 04 | പി.എച്ച്.സി., ചാലിൽ കോടിയേരി | 100000 | 53923 | |
| 05 | ചൈൽഡ് ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ | 100000 | 99942 | |
| 06 | തൊഴിൽ രഹിത വേതന അലവൻസ് | 207840 | 219480 | അലോട്ട്മെന്റിനേക്കാൾ ചെലവ് ഉണ്ടായതിന്റെ കാരണം വ്യക്തമല്ല |

| | | | | |
|---|---|---|---|---|
| 07 | വൃദ്ധസദനം | 337800 | 337800 | |

16. തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ ദുരിതാശ്വാസനിധി അക്കൗണ്ടിൽ (നം. 2001006288) 31.03.2016-ന് 355424.35 രൂപ നീക്കിയിരിപ്പുണ്ടെന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കാണുന്നു. എന്നാൽ ഈ തുക ഷെഡ്യൂൾ ബി.-17-ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. തുക ബാദ്ധ്യതയായി ഷെഡ്യൂൾ ബി.-2-ലും ഉൾപ്പെടുത്തിയിട്ടില്ല.

17. റസീറ്റ് & പെയ്മെന്റ് റിപ്പോർട്ടിലെ ആർ.പി.-3, ആർ.പി.-4 എന്നിവ പ്രകാരമുള്ള വരവുകൾ പരിശോധിക്കാൻ രജിസ്റ്ററുകളുടെ അഭാവത്തിൽ സാധിച്ചിട്ടില്ല.

18. താഴെ കൊടുത്തിരിക്കുന്ന ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ കാണുക

| ക്ര.നം. | ഷെഡ്യൂൾ | തുക | ഷെഡ്യൂൾ | തുക | വ്യത്യാസം |
|---|---|---|---|---|---|
| 01 | ആർ.പി.-4 | 9878356 | ഐ.-4 (ബി.) | 12375597 | 2497241 |
| 02 | ആർ.പി.-5 | 1471158 | ഐ.-5(ബി.) | 2008796 | 537638 |
| 03 | ആർ.പി.-8 | 4382057 | ഐ.-8 | 1312525 | 3069532 |
| 04 | ആർ.പി.-9 | 100000 | ഐ.-9 | 512389 | 412389 |
| 05 | ആർ.പി.-11 | 3119440 | ഐ.-11(ബി.) | 8920480 | 5801040 |
| 06 | ആർ.പി. -12 | 7326771 | ഐ.-12(ബി.) | 11778612 | 4451841 |
| 07 | ബി.-4 | 75985956 | ബി.-17 | 121651795.52 | 45665839.52 |

19. ആർ.പി.-19- എന്ന ഷെഡ്യൂളിൽ പ്രയോർ പിരീഡ് ഐറ്റം റസീറ്റ് ചെയ്യേണ്ടത് നെഗറ്റീവ് സംഖ്യ ആയിട്ടും പെയ്മെന്റ് പോസിറ്റീവ് സംഖ്യ ആയിട്ടുമാണ് കാണിക്കേണ്ടത്. അപ്പോൾ അറ്റ തുക (Net amount) എന്നത് പൂജ്യം ആയിരിക്കേണ്ടതാണ് (വരവിനത്തിൽ വന്ന കുറവ്, അധികമായി നടത്തിയ ചെലവ് എന്നിവ ഓഡിറ്റ് റിക്കവറിയായും മറ്റും തിരിച്ചുപിടിച്ചിട്ടില്ലെങ്കിൽ - ഈ സാഹചര്യത്തിൽ അറ്റ തുക നെഗറ്റീവ് ഫിഗർ ആയിരിക്കും). എന്നാൽ ഷെഡ്യൂൾ ആർ.പി.-19-ൽ അറ്റ തുക 22706 രൂപയാണ് കാണിച്ചിരിക്കുന്നത്.

20. ഷെഡ്യൂൾ ആർ.പി.-37 -യിൽ കാണിച്ചിരിക്കുന്ന ആകെ തുക 55029107 രൂപയാണ്. തൻവർഷം പിരിഞ്ഞുകിട്ടിയ തുകയാണിത്. ഐ.(1), ഐ.(3) എന്നിവയുടെ ആകെ തുകയാണ് ഡിമാന്റ്.

ഐ.-1 - 60693678

ഐ.-3 - 21320614

--------------

ആകെ ഡിമാന്റ് 82014292

=========

ഷെഡ്യൂൾ ബി.15 പ്രകാരം പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുക 74792051.75 രൂപയാണ്. ആയതിനാൽ കലക്ഷൻ തുക 82014292 – 74792051.75 = 7222240.25 രൂപ ആയിരിക്കേണ്ടതാണ്. എന്നാൽ ആർ.പി.-37-ൽ കാണിച്ചിരിക്കുന്ന തുക 55029107 രൂപയാണ്.

21. ഷെഡ്യൂൾ ഐ.-6-ലെ ബി. ഫണ്ട് വരവുകൾക്ക് തത്തുല്യമായി ഇൻകം & എക്സ്പെന്റിച്ചർ റിപ്പോർട്ടിൽ തന്നെ 254 എന്ന മേജർ ഹെഡിൽ ചെലവുകൾ കാണിച്ചിട്ടില്ല.

22. ഷെഡ്യൂൾ ഐ.-6-ലെ മെയിന്റനൻസ് ഗ്രാന്റ് റോഡ് നോൺറോഡ് വരുമാനങ്ങൾക്ക് ആനുപാതികമായി ഇൻകം & എക്സ്പെന്റിച്ചർ റിപ്പോർട്ടിൽ 2551001 xx നമ്പർ ഹെഡുകളിൽ ചെലവ് കാണിച്ചിട്ടില്ല.

23. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി.-17-ലെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

24. ഷെഡ്യൂൾ ബി.-11-ൽ പൂർത്തീകരിച്ച ആസ്തികളുടെ വിവരങ്ങളാണ് ചേർക്കേണ്ടത്. എന്നാൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് സംബന്ധിച്ച് ഈ ഷെഡ്യൂളിൽ ചേർത്തതായി കാണുന്നു.

25. കേന്ദ്ര പദ്ധതികളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഹാജരാക്കാത്തതിനാൽ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെട്ടത്/അക്കൗണ്ട് ചെയ്തത് കൃത്യത സംബന്ധിച്ച് പരിശോധിക്കാനായിട്ടില്ല.

26. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയിൽ നിശ്ചിത നിരക്കിൽ Depreciation, Straight line method പ്രകാരം കണക്കാക്കിയ തുക ഇൻകം & എക്സ്പന്റിച്ചർ അക്കൗണ്ടിൽ ചെലവായിട്ട് കാണിച്ചിട്ടില്ല.

27. അക്രൂവൽ അടിസ്ഥനാത്തിലുള്ള നികുതിയായ പരസ്യനികുതി '0' ആണെങ്കിൽക്കൂടി ആർ.പി.-1 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയത് ശരിയല്ല.

28. മുൻവർഷം ലഭിക്കേണ്ടിയിരുന്ന തുക ഈ വർഷം ലഭിക്കുമ്പോൾ മുൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്താൻ കഴിയില്ല. അതിനാൽ ഈ വർഷത്തെ കണക്കിൽ മൈനസ് എൻട്രിയായി കാണിക്കുന്നു. എന്നാൽ ആർ.പി.-19-ൽ പ്രയോർ പിരീയിഡ് ഐറ്റം - 20000 രൂപ പോസിറ്റീവ് എൻട്രി ആയിട്ടാണ് കാണിച്ചിരിക്കുന്നത്.

29. ഇൻകം & എക്സ്പന്റിച്ചർ അക്കൗണ്ട്, ഡഫിസിറ്റ്, സർപ്ലസ്സ് മുൻവർഷം വരെയുള്ള സർപ്ലസ്സ്/ഡഫിസിറ്റിനോട് കൂട്ടികിട്ടുന്ന തുകയാണ് ബാലൻസ് ഷീറ്റിൽ നഗരസഭ

ഫണ്ടായി (ഷെഡ്യൂൾ ബി.) കാണിക്കേണ്ടത്. വ്യത്യാസം വരാൻ പാടില്ല എന്നാൽ ഇത് താഴെ കൊടുത്ത രീതിയിൽ വ്യത്യാസമുള്ളതായി കാണുന്നു.

മുൻവർഷം വരെയുള്ള സർപ്ലസ്സ് തുക 2014-15 - 101359502.30

വാർഷിക കണക്ക്, ഷെഡ്യൂൾ ബി.,

2015-16 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് - 433828.00

പ്രകാരമുള്ള സർപ്ലസ്സ്. -----------------------

ആകെ 101793330.00

==============

മേൽ തുക 2015-16 വാർഷിക കണക്ക് ഷെഡ്യൂൾ ബി.1-ലെ ടോട്ടൽ മുനിസിപ്പൽ ഫണ്ട് തുകയായ 102510502.30 രൂപയുമായി പൊരുത്തപ്പെടുന്നില്ല.

30. പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന ഗ്രാന്റുകൾ വിനിയോഗിച്ചതിന്റെ ബാക്കി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ബാദ്ധ്യതയായിരിക്കും. ആയതിനാൽ ഈ തുക ഷെഡ്യൂൾ ബി-4-ൽ രേഖപ്പെടുത്തേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന ഗ്രാന്റുകൾ വിനിയോഗിച്ചതിനുശേഷം ബാക്കിനിൽക്കുന്ന തുകകൾ സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ബി.-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പദ്ധതിയുടെ പേര് | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2016-ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 01 | ലഭ്യമല്ല | 1117 | പഞ്ചാബ് നാഷണൽ ബാങ്ക് | 8059001.92 |
| 02 | വാംബെ | 100 | അന്ധ്രാ ബാങ്ക് | 2577987.00 |
| 03 | പൂരകപോഷകാഹാരം | 128115439 | ധനലക്ഷ്മി ബാങ്ക് | 361913.29 |
| 04 | ശുചിത്വ മിഷൻ | ടി.പി.എ.-262 | | പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 05 | അയ്യങ്കാളി പദ്ധതി | 203601101000051 | വിജയബാങ്ക് | 935774.00 |
| 06 | സാക്ഷരതാ മിഷൻ | 10618537188 | എസ്.ബി.ഐ. | 141274.71 |
| 07 | ഐ.എച്ച്.എസ്.ഡി.പി. | 722254105 | ഇൻഡ്യൻ ബാങ്ക് | പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| 08 | സ്വച്ഛ് ഭാരത് | 0742 | ഐ.സി.ഐ.സി.ഐ. | പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല |

31. ഷെഡ്യൂൾ ബി.-17, ആർ.പി.-40(ബി.) എന്നിവയിൽ കാണിച്ചിരിക്കുന്ന 31.03.2016 തീയതി പ്രകാരമുള്ള വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ അതാത് പാസ്സ് ബുക്കുകളിലെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ ചുവടെ

| ക്ര.നം. | അക്കൗണ്ട് നമ്പർ | അക്കൗണ്ടിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് | പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|
| 01 | 0104516696 – പി.എൻ.ബി. | 13568671.40 | 20620614.44 | |
| 02 | 1117 – പി.എൻ.ബി. | 805003400 | 8059001.92 | അക്കൗണ്ട് നം. 4350001100000017 പ്രകാരമുള്ള നീക്കിയിരിപ്പാണിത് |
| 03 | 128115439 – ധനലക്ഷ്മി ബാങ്ക് | 301195.50 | 361913.29 | |
| 04 | ടി.പി.എ.-163-റഗുലർ പെൻഷൻ | 2267697.00 | 367697 | |
| 05 | ടി.പി.എ.-143-കണ്ടിജന്റ് പെൻഷൻ | 5405461 | 125461 | |
| 06 | 4350000104520149, യു.ഐ.ഡി.എസ്.എസ്.എം.ടി. | 12333065.00 | 12333013.87 | |

32. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പരുകളുടെ/ബാങ്കുകളുടെ പാസ്സ് ബുക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക അക്കൗണ്ടും പാസ്സ് ബുക്കുമായി താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് | കുറിപ്പ് |
|---|---|---|---|
| 01 | 10618536515 | എസ്.ബി.ഐ. | തനത് ഫണ്ട് |
| 02 | ലഭ്യമല്ല | ടി.എസ്.ബി. | തനത് ഫണ്ട് |
| 03 | ലഭ്യമല്ല | ടി.എം.എഫ്. | -- |
| 04 | ടി.പി.എ. - 262 | -- | ശുചിത്വ മിഷൻ |
| 05 | 722254105 | ഇൻഡ്യൻ ബാങ്ക് | ഐ.എച്ച്.എസ്.ഡി.പി. |
| 06 | 0742 | ഐ.സി.ഐ.സി.ഐ. | സ്വച്ഛ് ഭാരത് |

33. എസ്.ജി.എസ്.ആർ.വൈ., ആശ്രയ , എൻ.എസ്.ഡി.പി., യു.പി.എസ്.എ. ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിബാക്കി എന്നിവയൊന്നും വാർഷിക കണക്കിൽ ഉൾപ്പെടുത്തിട്ടില്ല.

34. ഡി.ബി.ടി.- ആയി വിതരണം ചെയ്ത തുകകൾ ഒന്നംതന്നെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

35. നഗരസഭയുടെ വാർഷിക കണക്കിലെ ബി.12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപ

തുകയും നഗരസഭയുടെ ഭൗതിക പരിശോധനയിൽ ഹാജരാക്കിയ സ്ഥിര നിക്ഷേപപത്രികകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18.10.2016/03.01.2017 | കെ.എസ്.എ.-ടി.എസ്.എം.1/267/16 തീയ്യതി 25.01.2017 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20,72,47,166.52 |
| വരവ് | 26,54,01,611.00 |
| ആകെ | 47,26,48,777.52 |
| ചെലവ് | 35,10,11,575.00 |
| നീക്കിയിരിപ്പ്- | 12,16,37,202.52 |

നഗരസഭ സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം നഗരസഭയുടെ തനത് വരുമാനം 49117886രൂപയാണ്. ഇത് നഗരസഭയുടെ ആകെ വരവിന്റെ 18.50 ശതമാനം മാത്രമാണ്. നഗരസഭ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത എന്നിവയ്ക്ക് മാത്രം 106784156 രൂപ തൻവർഷം

ചെലവഴിച്ചിട്ടുണ്ട്. ഇതനുസരിച്ച് തനത് വരുമാനത്തേക്കാൾ 57666270 രൂപ അധികം എസ്റ്റാബ്ലിഷിനത്തിൽ മാത്രം ചെലവ് വന്നിട്ടുണ്ട് (അതായത് തനത് വരുമാനത്തിനേക്കാൾ 217.4 ശതമാനം അധികം ചെലവ്). ഇതിൽനിന്നും നഗരസഭ മറ്റ് അനിവാര്യ ചെലവുകൾക്കുള്ള തുക കണ്ടെത്തുന്നത് സർക്കാരിൽ നിന്ന് ലഭിക്കുന്ന വിവിധ ധനസഹായങ്ങളിൽനിന്നുമാണ് എന്ന് വ്യക്തമാകുന്നു. ഇതിൽനിന്നും തലശ്ശേരി നഗരസഭയുടെ സാമ്പത്തിക സ്ഥിതി ഭദ്രമല്ല എന്നാണ് വ്യക്തമാകുന്നത്.

ആയതിനാൽ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തി, പൊതുജനങ്ങൾക്ക് പരാതിയോ ബുദ്ധിമുട്ടോ ഉണ്ടാക്കാത്തവിധം നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 30581200 | 65207955 | 95789155 | 95789155 | – | 100 |
| വികസനഫണ്ട് എസ്.സി.പി. | 5217662 | 2398893 | 7616555 | 7616555 | – | 100 |
| വികസനഫണ്ട് ടി.എസ്.പി. | – | – | – | – | – | – |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 9489211 | 3361414 | 12850625 | 12850625 | – | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 19430609 | 5721628 | 25152237 | 25152237 | – | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 26095865 | 42498433 | 68594298 | 68594298 | – | 100 |
| പെർഫോമൻസ് ഗ്രാന്റ് | 119371000 | 3580563 | 15517563 | 15517563 | – | 100 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 929364 | 37410 | 966774 | 31000 | 935774 | 3.2 |
| ബി ഫണ്ട് | – | 5498432 | 5498432 | 5498432 | – | 100 |
| കേന്ദ്ര ഫണ്ട് | 24302189 | 33268891 | 57571080 | 22371847 | 35199233 | 38.8 |
| ആകെ | 127983100 | 161573619 | 259556719 | 253421712 | 36135007 | 87.5 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 520 | 451009185 | 272 | 115582363 | 23 | 106 | 57% |

2015-16 വർഷം അംഗീകാരം ലഭിച്ച നടപ്പാക്കാൻ ഉദ്ദേശിച്ച 520 പദ്ധതികളിൽ 225 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളടക്കം 57 ശതമാനം പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്.

ആധുനിക അറവുശാലാ നിർമ്മാണം, സമഗ്രഭവന നിർമ്മാണ ചേരി വികസന പരിപാടി എന്നീ സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പ്രോജക്ടുകളിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, കോടിയേരി വെറ്റിനറി ഡിസ്പൻസറിയിൽ നായ്ക്കളുടെ വന്ധ്യകരണ സൗകര്യം ഒരുക്കൽ എന്നിവയും ഉൾപ്പെടും.

അംഗീകാരം ലഭിച്ച 520 പദ്ധതികളിൽ 302 എണ്ണം പുതിയതും 218 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്.

ഉൽപ്പാദന മേഖലയിൽ 23 പ്രോജക്ടുകളും സേവന മേഖലയിൽ പൊതുവിഭാഗത്തിലായി 142 -ഉം പട്ടികജാതി വിഭാഗത്തിൽ 11-ഉം പ്രോജക്ടുകളും പശ്ചാത്തല മേഖലയിൽ പൊതുവിഭാഗത്തിലായി 333-ഉം പട്ടികജാതി വിഭാഗത്തിലായി 11 പ്രോജക്ടുകളുമാണ് ഉള്ളത്. പട്ടികജാതി വിഭാഗത്തിൽ അംഗീകരിച്ച ആകെ 22 പ്രോജക്ടുകളിൽ ഏഴ് എണ്ണമാണ് തൻവർഷം നടപ്പാക്കിയത്.

മേഖല തിരിച്ചുള്ള ചെലവ് വിവരം:

| | പൊതുവിഭാഗം | പട്ടിജകാതി വിഭാഗം | ആകെ |
|---|---|---|---|
| ഉൽപ്പാദന മേഖല | 3071676 | – | 3071676 |
| സേവന മേഖല | 37349598 | 760000 | 38109598 |
| പശ്ചാത്തല മേഖല | 71919951 | 2481138 | 74401089 |
| ആകെ | 112341225 | 3241138 | 115582363 |

## 1-7 തനത് വരുമാനം

നഗരസഭ സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം നഗരസഭയുടെ തനത് വരുമാനം

49117886രൂപയാണ്. ഇത് നഗരസഭയുടെ ആകെ വരവിന്റെ 18.50 ശതമാനം മാത്രമാണ്.

| ഇനം | 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 22790067 | 26716951 | 3926884 | 17.2 |
| നികുതിയേതര വരവുകൾ | 36371094 | 21888546 | 14482548 | (-)39.8 |
| മറ്റുവരവുകൾ | 442395 | 512389 | 69994 | 15.8 |
| ആകെ | 59603556 | 49117886 | 10485670 | (-)17.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 219480 | 123 |
| കർഷകതൊഴിലാളി പെൻഷൻ | 42570 | 224 |
| വിധവാപെൻഷൻ | 566320 | 2674 |
| വാർദ്ധക്യകാലപെൻഷൻ | 1223940 | 5688 |
| വികലാംഗപെൻഷൻ | 206330 | 706 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 236160 | 915 |

## **1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ആനുകാലികമായി നടത്തിവരുന്നുണ്ട്. 23.05.2016-ന് ശേഷം (മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച തീയ്യതി) നാളിതുവരെ നടത്തിയ പരിശോധനകളിൽ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. ഏറ്റവും ഒടുവിൽ പരിശോധന നടത്തിയത് 25.01.2017-നാണ്.

## **1-10** ആഭ്യന്തരനിയന്ത്രണം

2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തലശ്ശേരി നഗരസഭയുടെ ആഭ്യന്തര ഭരണനിയന്ത്രണം സംബന്ധിച്ച പരിശോധന നടത്തിയപ്പോൾ നഗരസഭയുടെ ആഭ്യന്തര ഭരണനിയന്ത്രണം തൃപ്തികരമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

തൻപതിവേട് സംബന്ധിച്ച വിശദാംശങ്ങൾ:

ജീവനക്കാർ തൻപതിവേട് സൂക്ഷിക്കുന്നുണ്ടെങ്കിലും ഓഫീസ് നടപടി ഗ്രന്ഥത്തിൽ നിഷ്കർഷിച്ച രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. എന്നിരുന്നാലും ഫയൽ നീക്കം സംബന്ധിച്ച ഒരു ട്രാൻസിറ്റ് രജിസ്റ്റർ പ്രത്യേകമായി നഗരസഭാ ജീവനക്കാർ സൂക്ഷിക്കുന്നതായി കാണുന്നു.

സ്റ്റാഫ് മീറ്റിംഗ്

നഗരസഭയിൽ ജീവനക്കാരുടെ യോഗം കൃത്യമായി ചേരുകയും മിനുട്സ് ബുക്ക് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഏറ്റവും ഒടുവിൽ ജീവനക്കാരുടെ യോഗം ചേർന്നത് 11.01.2017-ലാണ്.

ജോലിവിഭജന രേഖ

നഗരസഭയിൽ എല്ലാ ജീവനക്കാർക്കും കൃത്യമായി ജോലി വിഭജനം നൽകുകയും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സേവനപുസ്തകങ്ങളുടെ രജിസ്റ്റർ

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള സേവനപുസ്തകങ്ങളുടെ വിവരം കാണിക്കുന്ന (നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻ പറ്റിയ ജീവനക്കാരുടെയും) രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട്

നഗരസഭയിൽ ഡസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. ഇത് ജനറൽ സൂപ്രണ്ട് കാലികമായി പരിശോധിച്ച് സാക്ഷ്യപ്പെടുത്താറുണ്ട്.

ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്റർ:

സ്വീകരിക്കുന്ന അപേക്ഷകൾ ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും 20.06.2007-ലെ 24436/ആർ.എം.1/2007/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഐ-ലെ ഫോമിലല്ല രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്. ക്രമവൽക്കരണ രജിസ്റ്ററുകളും അനുബന്ധം ജെ-യിലെ ഫോറത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്.

ക്ഷേമ പെൻഷൻ രജിസ്റ്റർ:

ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയ്യതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന തീയ്യതി, തിരികെ ഏൽപ്പിച്ച തീയ്യതി, സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം, പെൻഷൻ ഏത് തീയ്യതി മുതൽ നൽകി തുടങ്ങി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ഇനത്തിൽ പിടിക്കുന്ന പി.എഫ്., പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം ഒടുക്കുന്നില്ല. തൻമൂലം നഗരസഭയ്ക്ക് പിഴയൊടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.08.2015 | 2014-15 | 14.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.05.2011 മുതൽ 21.05.2011 വരെ | 2008-09 മുതൽ 2010-11 വരെ | 07.10.2011 |

## 1-12 ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം തലശ്ശേരി നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച കണക്കുകൾ നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും പിരിവ് തുക ബാങ്കിൽ ഒടുക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നതായി കാണുന്നു.(ഖണ്ഡിക 2.13 കാണുക)

## 1-13 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ ഫലപ്രദമല്ല

ഓഡിറ്റ് റിപ്പോർട്ടിൽ വേണ്ടവിധം തുടർനടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നില്ല. 1973-74 മുതൽ 2014-15 വരെ 45 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പ് കൽപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. വർഷങ്ങളായി കുടിശ്ശികയായി കിടക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പ് കൽപിക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് ഫലപ്രദമായ നടപടി എടുത്ത് കാണുന്നില്ല. ഓഡിറ്റ് അദാലത്തുകൾ നടത്തി കഴിയുന്നത്ര തടസ്സങ്ങൾ പരിഹരിക്കുന്നതിന് നഗരസഭക്ക് ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകി വരാറുണ്ടെങ്കിലും ഫലപ്രദമായ നടപടികളൊന്നും നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. നഗരസഭയിൽ സൂപ്രണ്ടും ഒരു ക്ലാർക്കും ഉൾപ്പെട്ട ഓഡിറ്റ് സെൽ രൂപീകരിക്കണമെന്നും എല്ലാ ഓഡിറ്റ് വിഭാഗങ്ങൾക്കും രേഖകൾ നൽകുകയും ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ സമയബന്ധിതമായി കൈക്കൊള്ളുകയും ചെയ്യേണ്ട ചുമതല നിറവേറ്റണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2005-ലെ ജി.ഒ.(ആർ.ടി.)2810/05 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

## 1-14 ആസ്തി രജിസ്റ്റർ

തലശ്ശേരി നഗരസഭയിൽ 31.03.2013 വരെയുള്ള വിവരങ്ങൾ കാണിക്കുന്ന ആസ്തി രജിസ്റ്ററാണ് ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്. 2013-14 മുതൽ നാളിതുവരെയുള്ള നഗരസഭാ സൃഷ്ടിച്ച ആസ്തികൾ സംബന്ധിച്ച യാതൊരു വിവരവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല (നഗരസഭയുടെ ഫയൽ നം. ഇ.2-21432/2005 കാണുക) അതുകൊണ്ട് തന്നെ നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും മറ്റ് റോഡ്-റോഡിതര ആസ്തികളുടെയും കൃത്യമായ വിവരം നഗരസഭയിൽ ലഭ്യമല്ല. മാത്രവുമല്ല നഗരസഭയുടെ ആസ്തിയെക്കുറിച്ച് കൃത്യമായ ഒരു ധാരണ ഇല്ലാത്തത് കൊണ്ട്തന്നെ നഗരസഭാ പ്രദേശത്തുള്ള അനധികൃത കൈയ്യേറ്റം സംബന്ധിച്ച വിവരങ്ങളൊന്നും നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ നഗരസഭയുടെ ആസ്തി

രജിസ്റ്റർ കാലികമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 563 എ, 2000-ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 എന്നിവ പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും പൗരൻമാർക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങളും സമയപരിധിയും സംബന്ധിച്ച ഒരു പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്നും ആയത് വർഷത്തിലൊരിക്കലെങ്കിലും പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ ഉള്ളിൽ കവിയാത്ത കാലയളവിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് പൗരവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം നാളിതുവരെയായി പൗരവകാശരേഖ തയ്യാറാക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

## 1-16 വാർഡ്സഭ സംഘാടനം

തലശ്ശേരി നഗരസഭയുടെ വാർഡ് സഭകളുടെ യോഗങ്ങളുടെ മിനുട്സുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. മിക്ക വാർഡ് സഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ് എന്ന് കാണുന്നു. പല വാർഡ് സഭകളിലും ക്വാറം തികയാൻ ആവശ്യമായ പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ.

2. പദ്ധതികളിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള ഒരു വേദി മാത്രമായി മിക്ക വാർഡ് സഭകളും ചുരുങ്ങി പോകുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്.

3. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 45-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് തലശ്ശേരി നഗരസഭയിലെ വാർഡ് സഭകൾ പൂർണ്ണമായി വിജയിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

4. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 46-ാം വകുപ്പ് പ്രകാരമുള്ള കർത്തവ്യങ്ങളെയും അവകാശങ്ങളെയും കുറിച്ച് തലശ്ശേരി നഗരസഭയിലെ വാർഡ് സഭകൾക്ക് വ്യക്തമായ ധാരണയില്ലായെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഇതിൽനിന്നും തലശ്ശേരി നഗരസഭയുടെ വാർഡ് സഭകൾ പ്രാദേശിക ഭരണത്തിന്റെ നാലാം തലമായി ഉയരുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല എന്നാണ്

മനസ്സിലാക്കാൻ സാധിക്കുന്നത്.

## 1-17 ക്യാഷ് ബുക്ക്

സാംഖ്യ സോഫ്റ്റ് വെയർ അടിസ്ഥാനപ്പെടുത്തിയുള്ള ക്യാഷ് ബുക്ക് നഗരസഭയിൽ സൂക്ഷിക്കുന്നുണ്ട്.

## 1-18 മരാമത്ത് പ്രവൃത്തികളിലുള്ള അപാകതകൾ

വാർഷിക പദ്ധതി പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2015-16-ൽ ആകെ 392 മരാമത്ത് പ്രവൃത്തികൾ (സ്പിൽ ഓവർ 182, തൻവർഷം 210) നഗരസഭ നടപ്പാക്കണം. സ്പിൽ ഓവർ പദ്ധതികളിൽ 52-ഉം തൻവർഷ പദ്ധതികളിൽ 117-ഉം തീരെ നടപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തിയ 130 സ്പിൽ ഓവർ പദ്ധതികളിൽ 75 റോഡ് പ്രവൃത്തികളും 36 ഫൂട്പാത്ത്/ഓവ് ചാൽ പ്രവൃത്തിയും 18 ബിൽഡിംഗ് പ്രവൃത്തികളും ഒരു പ്രോജക്ട് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഡിജിറ്റൽ ഫോട്ടോകോപ്പിയർ വാങ്ങിയതുമാണ്. തീരെ നടപ്പാക്കാത്ത സ്പിൽ ഓവർ പദ്ധതികളിൽ 45 ലക്ഷം രൂപ വകയിരുത്തിയതായിട്ടുള്ളതായി കാണുന്നു.

2015-16 വർഷത്തെ 210 പദ്ധതികളിൽ ആകെ 93 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ 56 റോഡ് പ്രവൃത്തികളും 6 കെട്ടിട നിർമ്മാണവും 31 നടപ്പാത/ഓവ് ചാൽ പ്രവൃത്തികളുമാണ്.

2015-16 വർഷം നടപ്പാക്കിയ 131 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1,14,25,736/- രൂപ വികസന ഫണ്ടും 2,10,20,113/- രൂപ റോഡ് സംരക്ഷണ ഗ്രാന്റും 1,27,46,252/- രൂപ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും ഉൾപ്പെടെ ആകെ 4,51,92,301/- വിനിയോഗിച്ചു. ഇത്രയും ഭീമമായ തുക റോഡ് സംരക്ഷണത്തിനായി വിനിയോഗിച്ചുവെങ്കിലും പുനരുദ്ധാരണം നടത്തിയ റോഡുകൾ ഉൾപ്പെടെയുള്ള നഗരസഭാ പരിധിയിലുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. 2015-16-ൽ DSR നിരക്കാണ് മരാമത്ത് പ്രവൃത്തികൾക്കായി ബാധകമാക്കിയിട്ടുള്ളത്. 2012-ലെ നിരക്കിനേക്കാൾ കൂടിയ നിരക്കായതിനാൽ കരാറുകാർക്ക് സാമ്പത്തിക നേട്ടമാണെങ്കിലും റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം മുൻവർഷത്തേക്കാൾ മെച്ചപ്പെട്ടിട്ടില്ല എന്നാണ് നിലവിലെ റോഡുകളുടെ സ്ഥിതി വ്യക്തമാക്കുന്നത്. നിലവിൽ 5 ലക്ഷത്തിൽ കൂടുതൽ അടങ്കലായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ആയി നടപ്പാക്കുന്നതിലൂടെ ടെണ്ടറിന് കൂടുതൽ സുതാര്യതയും മത്സര സ്വഭാവവും കൈവന്നിട്ടുണ്ട്.

യഥാർത്ഥ സൈറ്റ് കണ്ടീഷൻ വിലയിരുത്താതെയോ ചിലപ്പോൾ സ്ഥലം സന്ദർശിക്കാതെ തന്നെയോ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നത് എന്ന് പല

പ്രവൃത്തികളുടെയും റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും എസ്റ്റിമേറ്റും പരിശോധനയിൽ കാണുന്നു.

പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എല്ലാ ഫയലിലും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒന്നിൽപോലും ആവശ്യമായ വിവരമോ വിശദാംശങ്ങളോ സമിതി കൺവീനർമാരുടെയോ അംഗങ്ങളുടെയോ ഒപ്പോ സീലോ പോലും ഇല്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നത് ഫയൽ പരിശോധകരെ ബോധ്യപ്പിക്കുന്നതിന് വേണ്ടി മാത്രം തയ്യാറാക്കി സൂക്ഷിച്ച ഒരു ഫോറമാണ്.

2015-16-ൽ ആകെ 24 ബിൽഡിംഗ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതിൽ തൻവർഷം എഗ്രിമെന്റ് വെച്ചത് ആകെ ആറ് പ്രവൃത്തികൾക്കാണ്. ആധുനിക അറവുശാല, ഗ്യാസ് ശ്മശാന നിർമ്മാണം, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിട നിർമ്മാണം എന്നീ പ്രധാന പദ്ധതികളൊന്നും 2015-16-ൽ നടപ്പാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് 2012-13, 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച ന്യൂനതകൾ പലതും 2015-16-ലും ആവർത്തിച്ചിരിക്കുന്നതായി കാണുന്നു.

മരാമത്ത് പ്രവൃത്തികളിലെ വിശദമായ അവലോകനവും മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകളും ഈ റിപ്പോർട്ടിലെ ഭാഗം 3-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്

## 1-19 നഗരസഭ നേരിടുന്ന വെല്ലുവിളികൾ

വിവിധ മേഖലകളിൽ/വിഷയങ്ങളിൽ നഗരസഭ നേരടിടുന്ന വെല്ലുവിളികൾ സംബന്ധിച്ച് നഗരസഭയ്ക്ക് തന്നെ ബോധ്യം വന്നിട്ടുള്ളതുമായ വെല്ലുവിളികളുടെ ഒരു സംക്ഷിപ്തം താഴെ കൊടുക്കുന്നു (അവലംബം - വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, നഗരസഭ കൗൺസിൽ അംഗീകരിച്ച പദ്ധതികൾ, നഗരസഭ ലഭ്യമാക്കിയ മറ്റ് ഫയലുകൾ). ഈ വെല്ലുവിളികൾ/പരിമിതികൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ നഗരസഭാ കൗൺസിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| മേഖല | നഗരസഭ നേരടിടുന്ന പ്രശ്നങ്ങൾ/<br>വെല്ലുവിളികൾ |
|---|---|
| ജനസേവനം | ജീവനക്കാരുടെ ഗണ്യമായ കുറവും ഓഫീസ് കെട്ടിടത്തിന്റെ അപര്യാപ്തതയും പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള കാലതാമസവും. |
| കാർഷിക മേഖല | ഭക്ഷ്യവിളകളുടെ വിളവിസ്തൃതി കുറഞ്ഞുവരുന്നതും |

| | |
|---|---|
| | നഗരവൽക്കരണവും നാണ്യവിളകളിലേക്കുള്ള വഴിമാറ്റവും, തൊഴിലാളികളുടെ ദൗർലഭ്യവും. |
| മൃഗസംരക്ഷണം/ക്ഷീരവികസനം | നഗരവൽക്കരണവും മുൻകാല പദ്ധതികൾ പൂർത്തീകരിക്കാത്തതും (പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി, മുട്ടക്കോഴി വളർത്തൽ തുടങ്ങിയവ) |
| ചെറുകിട വ്യവസായം | അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലുള്ള വീഴ്ചയും നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള കാലതാമസവും |
| മത്സ്യബന്ധനം | മത്സ്യതൊഴിലാളികളിൽ ഭൂരിഭാഗം പേർക്കും സ്വന്തമായി വള്ളവും വലയും ഇല്ലാത്തതും, മത്സ്യ വിപണനം നടത്താനുള്ള ആവശ്യമായ സൗകര്യങ്ങളുടെ പരിമിതിയും |
| പൊതുമരാമത്ത് | റോഡുകളുടെ ശോചനീയാവസ്ഥ, ശരിയായ ഡ്രൈനേജ് സംവിധാനത്തിന്റെ അഭാവം, |
| പട്ടികജാതി വികസനം | പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനത്തിനുള്ള പദ്ധതികളുടെ അഭാവവും, ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തതും, കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും. |
| വനിത/ശിശു ക്ഷേമം | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്, തൊഴിൽ അവസരങ്ങളുടെ കുറവ്, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ. |
| ആരോഗ്യവും ശുചിത്വവും | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ കുറവ്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, സ്വന്തമായി ശൗചാലയങ്ങൾ ഇല്ലാത്തതുകൊണ്ട് പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യാൻ നിർബന്ധിതരായ 250-ന് മേലെയുള്ള കുടുംബങ്ങൾ |
| വിദ്യാഭ്യാസ മേഖല | പൊതുവിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും |
| പാർപ്പിടം/കുടിവെള്ളം | ഇ.എം.എസ്. ഭവനിർമ്മാണ പദ്ധതിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിക്കാത്തതും, പൊതുകിണറുകളുടെയും |

| | |
|---|---|
| | പ്രവർത്തനക്ഷമമായ കുടിവെള്ള പദ്ധതികളുടെ അപര്യാപ്തതയും, നിലവിലുള്ള പല കുളങ്ങളും നികത്തപ്പെട്ടതും. |
| ദാരിദ്ര്യ ലഘൂകരണം | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പോലുള്ള പദ്ധതികൾ നടപ്പിലാക്കാൻ വൈകുന്നത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കുറവ് വരുത്തുന്നു. |
| ഖരമാലിന്യ സംസ്കരണം | ഉറവിട മാലിന്യ സംസ്കരണം എന്ന ആശയം പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി - നികുതി പരിഷ്കരണം നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

01.04.2011-ൽ പ്രാബല്യത്തിൽ വന്ന 2010-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭകളിലെ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. തലശ്ശേരി നഗരസഭയിൽ ലഭ്യമായ രേഖകൾ അനുസരിച്ച് 52 വാർഡുകളിലായി 36251 കെട്ടിടങ്ങൾ നിലവിൽ ഉണ്ട്. 31.12.2016-ന്റെ സ്ഥിതി അനുസരിച്ച് നഗരസഭ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പരിഷ്കരണം നടത്തി ഡിമാന്റ് നോട്ടീസ് തയ്യാറാക്കിയിട്ടുണ്ട് എന്ന് കാണുന്നു. നഗരസഭയുടെ ഈ പ്രവൃത്തി അഭിനന്ദനാർഹമാണ്. എന്നാൽ 32131 കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് മാത്രമേ വസ്തുനികുതി ഒടുക്കുവാനുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളൂ. ബാക്കിയുള്ള 4120 കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് കൂടി ഡിമാന്റ് നോട്ടീസ് നൽകി നികുതി പിരിവ് പൂർത്തിയാക്കി നഗരസഭയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 2-2 വസ്തുനികുതി - കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്

തലശ്ശേരി നഗരസഭയുടെ 2015-16-ലെ വാർഷിക കണക്കുകൾ പ്രകാരം (ഷെഡ്യൂൾ ബി.15) 31.03.2016-ൽ 10854311.42 രൂപ വസ്തുനികുതി കുടിശ്ശികയിനത്തിൽ

പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട് എന്ന് കാണുന്നു. നഗരസഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പിരിച്ചെടുക്കുവാൻ ബാക്കിയുള്ള വസ്തുനികുതി പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 <u>തൊഴിൽ നികുതി - കച്ചവടക്കാർ/വ്യാപാരികൾ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കുന്നില്ല</u>

2005-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലേക്കായി ബിസിനസ്സ് നടത്തുന്നവർ/കച്ചവടസ്ഥാപനങ്ങൾ എന്നിവർ തങ്ങളുടെ വരുമാനം അല്ലെങ്കിൽ ബിസിനസ്സ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ റിട്ടേണുകൾ സമർപ്പിക്കുന്നതിനായി സെക്രട്ടറി ആവശ്യപ്പെടേണ്ടതും റിട്ടേൺസിലെ വിവരങ്ങൾ അനുസരിച്ച് തൊഴിൽനികുതി നിർണ്ണയിക്കേണ്ടതുമാണ്. തലശ്ശേരി നഗരസഭയിൽ അനവധി കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കച്ചവടക്കാർ ആരുംതന്നെ തങ്ങളുടെ വരുമാനം സംബന്ധിച്ച റിട്ടേണുകൾ സമർപ്പിച്ചതായോ റിട്ടേണുകൾ സമർപ്പിക്കുന്നതിന് സെക്രട്ടറി ആവശ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല.

ദിവസവേതനത്തിനോ ശമ്പളത്തിനോ ജോലിക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപന ഉടമകൾ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരാണ്. ഇപ്രകാരം ദിവസ വേതനത്തിനോ ശമ്പളത്തിനോ ജീവനക്കാരെ നിയമിച്ചിട്ടുള്ള വസ്ത്രാലയങ്ങൾ, ഹോട്ടലുകൾ (ഏതാനും സ്ഥാപനങ്ങൾ ഒഴികെ), വക്കീലാഫീസുകൾ എന്നീ സ്ഥാപന ഉടമകൾ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നഗരസഭയിൽ ഒടുക്കിയിട്ടില്ല. സ്ഥാപന ഉടമകൾ തങ്ങളുടെ ജീവനക്കാരെ സംബന്ധിച്ച വിവരം നൽകുന്നതിന് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതിക്ക് വിധേയമായ വരുമാനം ഉണ്ടെങ്കിൽ ആയതിന് ബാധകമായ തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-4 <u>തൊഴിൽ നികുതി - നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത് സംബന്ധിച്ച്.</u>

ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ/ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണെന്ന് തൊഴിൽ നികുതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. 2015-16 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിനായി തലശ്ശേരി നഗരസഭ തയ്യാറാക്കിയിട്ടുള്ള ഡിമാന്റ് രജിസ്റ്റർ,

ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വാർഡുകളിലെ ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ട്രേഡേർസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഇതിൽനിന്നും നഗരസഭയിൽ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങൾ തൊഴിൽ നികുതിക്ക് വിധേയമായിട്ടില്ലായെന്ന് മനസ്സിലാകുന്നു. ഇപ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ആയത് ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം | ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ എണ്ണം |
|---|---|---|---|
| 7 | 40 | 51 | 11 |
| 23 | 37 | 48 | 11 |
| 37 | 67 | 78 | 11 |
| 44 | 627 | 798 | 171 |
| 48 | 74 | 102 | 28 |

ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ഒഴിവാക്കി

## 2-6 ഡി&ഒ ലൈസൻസ് ബാധകമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീസ് പിരിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447 വകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ ഒരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നഗരസഭ ഹാജരാക്കിയ വിവിധ വാർഡുകളുടെ ട്രേഡേഴ്സ് ലിസ്റ്റുകൾ (റവന്യൂ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ എന്നിവ താരതമ്യം ചെയ്തതിൽനിന്നും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ പേരിൽനിന്നും 2015-16 വർഷം ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വാർഡ് | * ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ ട്രേഡേഴ്സിന്റെ എണ്ണം | ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2015-16 വർഷം ലൈസൻസ് എടുത്തവരുടെ എണ്ണം | കുറവ് | ഡിവിഷൻഒ |
|---|---|---|---|---|---|
| 01 | 23 | 48 | 37 | 11 | കോടിയേരി |
| 02 | 31 | 20 | 6 | 14 | " " |
| 03 | 43 | 374 | 344 | 30 | ബി. |
| 04 | 46 | 1541 | 1234 | 307 | എ&ബി |
| 05 | 9 | 106 | 100 | 6 | സി |
| 06 | 10 | 64 | 56 | 8 | " " |
| 07 | 11 | 76 | 67 | 9 | " " |
| 08 | 13 | 44 | 37 | 7 | “” |

(* ഡോക്ടർമാർ, ക്ലിനിക്, ഹോസ്പിറ്റൽ, ലോഡ്ജ്, ബാങ്കിങ് സ്ഥാപനങ്ങൾ എന്നിവയെ ലിസ്റ്റിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി(നം.36/15-16, തീ: 18-11-16)ക്കുള്ള മറുപടിയിൽ ഇപ്പോൾ നിലവിലുള്ള ഡി&ഒ ഷെഡ്യൂൾ പ്രകാരം ട്രാവലിംഗ് ഏജൻസികൾ, കമ്പ്യൂട്ടർ സെന്ററുകൾ, വാടക സാധനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ, എസ്.ടി.ഡി ബൂത്ത്, ഫിനാൻസ് സ്ഥാപനങ്ങൾ, ലോട്ടറി ഓഫീസുകൾ, കൊറിയർ

സർവ്വീസുകൾ, പാർസൽ സർവ്വീസുകൾ, മാര്യേജ് ബ്യൂറോ, ചിട്ടിക്കമ്പിനികൾ, സ്ക്രീൻ പ്രിന്റിങ്, ബിൽഡേഴ്സ്, പ്ലാൻ/എസ്റ്റിമേറ്റ് സ്ഥാപനങ്ങൾ, ടാക്സ് കൺസൽട്ടന്റ്, ജിംനേഷ്യം, മ്യൂസിക് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്റർനെറ്റ് കഫെ, ആധാരം എഴുത്ത് ഓഫീസ് എന്നിവർക്ക് ലൈസൻസ് എടുക്കേണ്ടതില്ല എന്നും എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ടെന്നും തൊഴിൽ നികുതി ചുമത്തിയ എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലിസ്റ്റിൽ ഉൾപ്പെടാറില്ലായെന്നുവരികിലും നിലവിലെ തൊഴിൽ നികുതി അടക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കേണ്ടവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കി ലൈസൻസ് എടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നറിയിച്ചിരുന്നു. ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പേരുവിവരങ്ങളടങ്ങുന്ന ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തതിനാലാണ് തൊഴിൽനികുതി പിരിവിനു വേണ്ടി തയ്യാറാക്കപ്പെട്ട വിവിധ വാർഡുകളുടെ ട്രേഡേഴ്സ് ലിസ്റ്റുകൾ ഓഡിറ്റിന് പരിശോധിക്കേണ്ടിവന്നത്. ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ നഗരസഭാ പരിധിയിലുള്ള ഡി&ഒ ലൈസൻസ് ബാധകമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് യഥാസമയം എടുക്കുന്നുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ഡിമാന്റ് രജിസ്റ്ററുകൾ തയ്യറാക്കി സൂക്ഷിക്കേണ്ടതും ലൈസൻസെടുക്കാൻ ബാദ്ധ്യസ്ഥമായിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## **2-7** <u>വിനോദനികുതി - ടിക്കറ്റ് സീൽ രജിസ്റ്റർ അപൂർണ്ണം</u>

വിനോദനികുതിയുമായി ബന്ധപ്പെട്ട് നഗരസഭ സീൽ ചെയ്ത് നൽകുന്ന ടിക്കറ്റുകളുടെ വിവരം കാണിക്കുന്ന ടിക്കറ്റ് സീൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 17.08.2015 മുതൽ 29.12.2015 വരെ മാത്രമേ ടിക്കറ്റ് സീൽ ചെയ്തുകൊടുത്ത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. 2015-16 വർഷം വിനോദ നികുതിയിനത്തിൽ ലഭിച്ച വരവിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-8** <u>കെട്ടിട നിർമ്മാണ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്താത്തതും നിർമ്മാണാനുമതി പുതുക്കാത്തതുമായ കെട്ടിടങ്ങൾ സംബന്ധിച്ച്</u>

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 എ പ്രകാരം ഒരു കെട്ടിട നിർമ്മാണ അനുമതി ആയത് അനുവദിച്ച തീയ്യതി മുതൽ മൂന്നു വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. പെർമിറ്റ് സാധുതാ കാലയളവിനുള്ളിൽ

സമർപ്പിക്കുന്ന അപേക്ഷയിൻമേൽ മൂന്ന വർഷകാലയളവ് അധികം വച്ച് രണ്ട് പ്രാവശ്യം കൂടി പെർമിറ്റ് കാലയളവ് നീട്ടി നൽകാവുന്നതാണ്. പെർമിറ്റ് കാലാവധി നീട്ടുന്നതിനുള്ള ഫീസ്, നീട്ടുന്ന സമയത്ത് പ്രാബല്യത്തിലുള്ള വികസന പെർമിറ്റിന്റേയോ കെട്ടിട നിർമ്മാണ പെർമിറ്റിന്റേയോ 10% ആയിരിക്കുന്നതും പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ് പുതുക്കുന്ന സമയത്ത് പ്രാബല്യത്തിലുള്ള വികസന പെർമിറ്റ് ഫീസിന്റെയോ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിന്റെയോ 50% ആയിരിക്കുന്നതുമാണ്. എന്നാൽ 9 വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയും പുതുക്കുകയും ചെയ്യാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ വേണം.

നഗരസഭയിലെ 2009-10 വർഷം മുതലുള്ള കെട്ടിടനിർമ്മാണ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽനിന്നും നിർമ്മാണാനുമതിയുടെ കാലയളവ് 3 വർഷം അവസാനിച്ചതിനുശേഷമുള്ള പൂർത്തീകരണ വിവരം രേഖപ്പെടുത്താത്തതും അനുമതി നീട്ടി നൽകാത്തതുമായ നിരവധി കെട്ടിടങ്ങൾ നഗരസഭാ പരിധിയിൽ ഉള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നത് കാണുക. യഥാസമയം നടപടി എടുക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തേണ്ടുന്നപക്ഷം ആയിനത്തിലും, എഫ്.എ.ആർ അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാവുന്നുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/തീയ്യതി 14.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉചിതമായ നടപടി സ്വീകരിച്ച് നഗരസഭയ്ക്ക് ഇതുവഴി ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

| ക്ര. നം. | അപേക്ഷകന്റെ/ അപേക്ഷകയുടെ പേര് | അപേക്ഷാ തീയ്യതി | കൈവശ ഗണം | പെർമിറ്റ് നമ്പർ | പെർമിറ്റ് അനുവദിച്ച കാലയളവ് | അപേക്ഷാ വർഷം | ഈടാക്കിയ ഫീസ് | രശീത് നമ്പർ/ തീയ്യതി | പെർമിറ്റ് രജിസ്റ്റർ വർഷം,വോള്യം പേജ് |
|---|---|---|---|---|---|---|---|---|---|
| 01 | എ.വി.അനൂപ് കുമാർ | 20.08.09 | വീട് | രജിസ്റ്ററിൽ ചേർത്തിട്ടില്ല | 20.08.09 മുതൽ 19.08.12 വരെ | 2009-10 | 948 | 76/20.8.09 | 2009-10 Vol II, P.9 |
| 02 | കെ.ജെ. നൂർജഹാൻ | 15.10.09 | “” | “” | 19.12.09 മുതൽ 18.12.12 വരെ | “” | 400 | 32004/ 19.12.09 | 2009-10 Vol II, P. 60 |
| 03 | മുനീർ എൻ., ഷംഷാദ, സിദ്ധീഖ്, സൂപ്പി, നാസർ | 04.06.09 | കമേഴ്സൽ | “” | 07.08.09 മുതൽ 06.08.12 വരെ | “” | 1680 | 18203/ 03.10.09 | 2009-10 Vol I, P.52 |
| 04 | മേക്കര വീട്ടിൽ രാജീവൻ | 24.09.09 | വീട് | “” | 03.10.09 മുതൽ 20.10.12 വരെ | “” | 660 | 23013/ 07.08.09 | 2009-10 Vol II, P.45 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 05 | ചീഫ് മാനേജർ,<br>എസ്.ബി.ഐ.<br>തലശ്ശേരി | 28.05.09 | കമേഴ്സൽ | “” | 26.06.09 മുതൽ<br>25.06.12 വരെ | “” | 198 | 14482/<br>26.06.09 | 2009-10<br>Vol I, P.44 |
| 06 | ടി.ശശിധരൻ | 15.10.09 | വീട് | “” | 20.11.09 മുതൽ<br>19.11.12 വരെ | “” | 224 | 28629/<br>20.11.09 | 2009-10<br>Vol II, P.61 |
| 07 | ചെമ്പന്റവിട<br>രജ്ജിത്ത് | 08.07.10 | “” | “” | 08.07.10 മുതൽ<br>07.07.13 വരെ | 2010-11 | 1230 | 17496/<br>08.07.10 | 2010-11<br>Vol I P.88 |
| 08 | ഇ. ശ്രീജിത്ത് | 23.09.10 | “” | “” | 06.10.10 മുതൽ<br>05.10.13 വരെ | “” | 580 | 27462/<br>06.10.10 | 2010-11<br>Vol II, P.32 |
| 09 | ഭാസ്കരൻ വി. | 09.12.10 | “” | “” | 08.07.11 മുതൽ<br>07.07.14 വരെ | “” | 450 | 707/8.7.11 | 2010-11<br>Vol II, P.88 |
| 10 | കെ.പി.മോഹൻദാസ് | 17.12.10 | “” | “” | 11.01.11 മുതൽ<br>10.01.14 വരെ | “” | 469 | 38782/<br>11.01.11 | 2010-11<br>Vol II, P.93 |
| 11 | ലത വി. | 03.02.11 | “” | “” | 16.02.11 മുതൽ<br>15.02.14 വരെ | “” | 140 | 11/16.02.11 | 2010-11<br>Vol III, P.42 |
| 12 | ഈരായി പുതിയ വീട്ടിൽ<br>ദാസൻ | 24.03.11 | വീട് | രജിസ്റ്ററിൽ<br>ചേർത്തിട്ടില്ല | 05.04.11 മുതൽ<br>04.04.14 വരെ | 2010-11 | 410 | 99/05.04.11 | 2010-11<br>Vol III, P.88 |
| 13 | അനീഷ് വലിയ<br>കൊല്ലേരി | 16.06.11 | “” | “” | 16.06.11 മുതൽ<br>15.06.14 വരെ | 2011-12 | 570 | 44/16.06.11 | 2011-12<br>Vol I, P.59 |
| 14 | ഒതയോത്ത് മനോജ്<br>കുമാർ | 16.06.11 | “” | “” | 04.01.12 മുതൽ<br>03.01.15 വരെ | “” | 210 | 22509/<br>04.01.12 | 2011-12<br>Vol I, P.61 |
| 15 | എ.കെ. രവീന്ദ്രൻ | 13.10.11 | “” | “” | 28.11.11 മുതൽ<br>27.11.14 വരെ | “” | 830 | 7711/28.11.11 | 2011-12<br>Vol II, P.42 |
| 16 | പി. സുധീർ | 17.11.11 | “” | “” | 28.12.11 മുതൽ<br>27.12.14 വരെ | “” | 1250 | 1545/28.12.11 | 2011-12<br>Vol II, P.66 |
| 17 | ടി.സി.നൗഷാദ് | 01.12.12 | “” | “” | 22.12.11 മുതൽ<br>21.12.14 വരെ | “” | 1150 | 20894/<br>22.12.11 | 2011-12<br>Vol II, P.81 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 18 | വി. ഫർസാന | 02.02.12 | “” | “” | 02.02.12 മുതൽ 01.02.15 വരെ | “” | 1930 | 26307/ 02.02.12 | 2011-12 Vol III, P.32 |
| 19 | കുറ്റേരി ദാമോധരൻ നമ്പ്യാർ | 26.04.12 | “” | “” | 07.05.12 മുതൽ 06.05.15 വരെ | 2012-13 | 530 | 04561/ 07.05.12 | 2012-13 Vol I, P.24 |
| 20 | ഷാജഹാൻ | 07.06.12 | “” | “” | 28.06.12 മുതൽ 27.06.15 വരെ | “” | 1600 | 12779/ 28.06.12 | 2012-13 Vol I, P.65 |
| 21 | സബീന നായക്കൽ | 18.09.12 | “” | “” | 26.09.12 മുതൽ 25.09.15 വരെ | “” | 1670 | 24267/ 26.09.12 | 2012-13 Vol II, P.40 |
| 22 | ടി.വി. വസുമിത്രൻ | ലഭ്യമല്ല | “” | “” | 30.10.12 മുതൽ 29.10.15 വരെ | “” | 1670 | 30368/ 30.10.12 | 2012-13 Vol II, P.66 |
| 23 | നീരാട്ടി പറമ്പത്ത് അബ്ദുൾ നജീബ് | 07.02.13 | “” | “” | 26.02.13 മുതൽ 25.02.16 വരെ | “” | 1250 | 6512/ 26.02.13 | 2012-13 Vol III, P.62 |
| 24 | കെ.വിനോദ് | 07.03.13 | വീട് | “” | 07.03.13 മുതൽ 06.03.16 വരെ | 2012-13 | 360 | 48473/ 07.03.13 | 2012-13 Vol III, P.87 |
| 25 | വി.പി. അബൂബക്കർ | 13.06.13 | വീട് | രജിസ്റ്ററിൽ ചേർത്തിട്ടില്ല | 13.06.13 മുതൽ 12.06.16 വരെ | 2013-14 | 1980 | 10031/ 13.06.13 | 2013-14 Vol I, P.52 |

## **2-9** കെട്ടിട നിർമ്മാണ പെർമിറ്റ്- സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

21.12.2015-ലെ 12900/ആർ.എ.1/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിൽ കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നഗരസഭ നിഷ്കർഷ പുലർത്തിയിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20.07.2007-ലെ 24436/ആർ.എ.1/07/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പന്റിക്സ്-1 പ്രകാരമുള്ള ഫോർമാറ്റിൽ കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ എല്ലാ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലും പരിപാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിലവിൽ സൂക്ഷിച്ചുവരുന്ന രജിസ്റ്റർ നിശ്ചിത ഫോർമാറ്റിലുള്ളതല്ല. താഴെ കൊടുത്തിരിക്കുന്ന പ്രസക്ത വിവരങ്ങൾ അപേക്ഷാ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

(എ) തറവിസ്തീർണ്ണാനുപാതം രേഖപ്പെടുത്തുന്നില്ല.

(ബി) അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്/ഡെവലപ്പ്മെന്റ് ഫീസ്, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള അധിക ഫീസ് എന്നിവ വേർതിരിച്ച് രേഖപ്പെടുത്താതെ ആകെ അടവാക്കിയ തുക ഒന്നിച്ച് രേഖപ്പെടുത്തുന്നു.

(സി) സെക്ഷൻ ക്ലാർക്ക് അപേക്ഷ പരിശോധിച്ച് സമർപ്പിക്കുന്ന തീയ്യതി രേഖപ്പെടുത്തുന്നില്ല.

(ഡി) ഫയൽ ആർക്ക് കൈമാറി എന്ന വിവരം രേഖപ്പെടുത്തുന്നില്ല.

(ഇ) ഫയൽ മടങ്ങിവന്ന തീയ്യതി രേഖപ്പെടുത്തുന്നില്ല.

(എഫ്) ഡിസ്ട്രിക്ട് ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനർ/ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റ്/പൊല്യൂഷൻ കൺട്രോൾ ബോർഡ്/റെയിൽവെ അധികൃതർ എന്നിവർക്ക് കത്ത് ഫോർവേർഡ് ചെയ്ത തീയ്യതി ചേർക്കുന്നില്ല.

(ജി) അസ്സസ്സ്മെന്റ് നമ്പർ രേഖപ്പെടുത്തുന്നില്ല.

(എച്ച്) സെക്രട്ടറി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുന്നില്ല

2. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മുൻകൂർ അനുമതികളുടെ നമ്പരും തീയ്യതിയും പേർമിറ്റിലും അപ്രൂവ്ഡ് പ്ലാനിലും രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

3. 19.05.2014-ലെ 29342/ആർ.എ.1/2014/തസ്വഭവ നമ്പർ സർക്കുലറിന് അനുബന്ധമായി നൽകിയിരിക്കുന്ന മാതൃകയിലാണ് അനധികൃത നിർമ്മാണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടത്. എന്നാൽ നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. 12.08.2014-ന് ശേഷം മേൽ സൂക്ഷിച്ചുവരുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നും ഉണ്ടായതായും കാണുന്നില്ല.

4. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതാണെന്നും വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സർക്കുലറിൽ നിർദ്ദേശമുണ്ട്. രജിസ്റ്റർ പരിശോധിച്ച വിവരം തീയ്യതിവെച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ

സെക്രട്ടറിയോ ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നിർകർഷ പുലർത്തേണ്ടതാണ്.

## 2-10 പെർമിറ്റുകളുടെ വിവരങ്ങൾ മുനിസിപ്പാലിറ്റി വെബസൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 20 (7 എഫ്) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 517 ബി (3) വകുപ്പിൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം, നൽകിയിട്ടുള്ള പെർമിറ്റുകളുടെ വിശദവിവരങ്ങൾ മുനിസിപ്പാലിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയുടെ വെബസൈറ്റ് പരിശോധിച്ചതിൽനിന്നും മേൽ ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ പെർമിറ്റുകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

## 2-11 ക്രമപ്രകാരമല്ലാത്ത നിർമ്മിതി - നഗരസഭ തുടർനടപടികൾ സ്വീകരിച്ചില്ല

തലശ്ശേരി അയ്യലത്ത് പള്ളി & നൂറുൽഹുദാ മദ്രസ്സയുടെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽക്കൂടി യാർഡ് കവർ ചെയ്തുകൊണ്ട് താൽക്കാലിക മേൽക്കൂര നിർമ്മാണത്തിനായി പള്ളി സെക്രട്ടറി 03.07.2014-ന് നിർമ്മാണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം അനുശാസിക്കുന്ന പ്രകാരമല്ലാതെ വെള്ളക്കടലാസിൽ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച് സമർപ്പിക്കപ്പെട്ട അപേക്ഷ നഗരസഭ ഫയലിൽ സ്വീകരിക്കുകയും രശീത് നമ്പർ 12901/03.07.14 പ്രകാരം 36 രൂപ ഈടാക്കിയതായും കാണുന്നു.

നഗരസഭയിൽ സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരം ഹെവി 1 സെക്ഷനും ഫബ്രിക്കേറ്റഡ് സ്റ്റീൽ ഗേർഡറും ഉപയോഗിച്ചാണ് ടെമ്പററി ഷെഡ് നിർമ്മിക്കുന്നതെന്നും ഇപ്രകാരമുള്ള നിർമ്മിതി ടെമ്പററി നിർമ്മാണത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും കൂടാതെ റോഡിന് വൈഡനിംഗ് ആവശ്യമുള്ളതിനാൽ റോഡിന്റെ അതിർത്തിയിൽനിന്നും ആവശ്യമായ സ്ഥലം വിട്ടുകൊണ്ട് കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി അനുമതി നൽകാവുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ നോട്ടെഴുതിയിട്ടുണ്ട്. അവിടെയുള്ള നിർമ്മാണ പ്രവൃത്തി തീർത്തും പെർമനന്റ് സ്ട്രക്ചറാണെന്നും ടെമ്പററി സ്ട്രക്ചറിന്റെ ഗണത്തിൽ വരില്ലെന്നും നിർമ്മണ പ്രവൃത്തി അടിയന്തിരമായി പൊളിച്ച നീക്കി റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറും നോട്ടെഴുതികാണുന്നുണ്ട്. ഇതിൽനിന്നും നിർമ്മാണാനുമതി ലഭിക്കുന്നതിന് മുൻപ് സ്ട്രക്ചറിന്റെ നിർമ്മാണം ആരംഭിച്ച കഴിഞ്ഞിരുന്നു എന്ന്

വ്യക്തമാണ്. അനധികൃത നിർമ്മാണം ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1994-ലെ കേരള മുനിസിപ്പൽ ആക്ട് 406(1) വകുപ്പ് പ്രകാരം 23.07.2014-ലെ ഇ.3/ബി.എ/248/14-15 നമ്പറിൽ പള്ളി സെക്രട്ടറിക്ക് നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നുണ്ട്.

പള്ളിയുടെ അധികൃതർ 24.07.2014-ന് നോട്ടീസ് കൈപ്പറ്റിയതായി നോട്ടീസിന്റെ ഓഫീസ് പകർപ്പിൽ ഒപ്പിട്ടതായി കാണുന്നുണ്ട്. എന്നാൽ സൈറ്റ് പരിശോധിച്ചതിൽ നിന്നും (17.11.16-ൽ) പൊളിച്ചുനീക്കാനാവശ്യപ്പെട്ട നിർമ്മിതി നാളിതുവരെ പൊളിച്ചുനീക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/15-16 തീയ്യതി 18.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-12 ഉപയോഗശൂന്യമായ വാഹനം - ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്

തലശ്ശേരി നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് 28.10.2016-ന് 16/15-16 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ നഗരസഭയുടെ അധീനതയിലുള്ള കെ.എൽ.13.കെ.9447 നമ്പർ കാർ ഉപയോഗശൂന്യമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കാർ നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ യാതൊരു പരിപാലനവും ഇല്ലാതെ തുരുമ്പ് എടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഉപയോഗശൂന്യമായ കാർ ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-13 ദുരിതാശ്വാസ നിധി വരവ് ചെലവ് കണക്ക് സൂക്ഷിപ്പിലെ അപാകതകൾ:

2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി തലശ്ശേരി നഗരസഭയിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയുടെ സൂക്ഷിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ വരവ് തുക ബാങ്കിൽ ഒടുക്കുന്നതിൽ വളരെ കാലതാമസം ഉണ്ടാകുന്നുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 20.12.2016-ന് നമ്പർ 53/15-16 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി

നൽകിയ മറുപടിയിൽ കണക്കിൽ വന്ന പിശക് കാരണമാണ് തുക യഥാസമയം ഒടുക്കുന്നതിൽ കാലതാമസം ഉണ്ടായതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം അപാതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ കാലതാമസം - പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ വൈകുന്നു

തലശ്ശേരി നഗരസഭയുടെ കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധനയ്ക്കും ശമ്പള പരിഷ്കരണങ്ങളോടനുബന്ധിച്ച ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കുന്നതിനു വേണ്ടി സേവനപുസ്തകങ്ങൾ യഥാസമയം നഗരസഭ ഓഡിറ്റിൽ സമർപ്പിക്കുന്നില്ല. മുപ്പത് വർഷത്തെ സേവനകാലയളവുള്ള പല ജീവനക്കാരുടെയും സേവനപുസ്തകങ്ങൾ സേവനകാലയളവിൽ ഒരു പ്രാവശ്യം പോലും പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്ക സന്ദർഭങ്ങളിൽ ജീവനക്കാരൻ സർവ്വീസിൽ വിരമിച്ചതിന് ശേഷമാണ് സേവനപുസ്തകങ്ങൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കുന്നത്. അതുകൊണ്ട്തന്നെ ജീവനക്കാരുടെ റിട്ടയർമെന്റ് സമയത്ത് സേവനപുസ്തകങ്ങൾ/ശമ്പളനിർണ്ണയങ്ങൾ പരിശോധനയിലും കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ ശുപാർശ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. ഇതുമൂലം ജീവനക്കാരന് പെൻഷൻ ആനുകൂല്യം യഥാസമയം അനുവദിക്കുവാൻ കഴിയാതെപോകുന്നു. മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടറുടെ 22.07.1994-ലെ ബി.2-15624/94 നമ്പർ സർക്കുലറിൽ നഗരസഭകളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം മൂലമോ അല്ലാതെയോ നൽകുന്ന ആനുകൂല്യങ്ങൾ ബന്ധപ്പെട്ട സർവ്വീസ് രേഖകളിൽ ചേർത്ത് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങിയതിന് ശേഷമേ ആനുകൂല്യങ്ങൾ നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകം അവർ

പിരിയുന്നതിന് ഒരു വർഷം മുമ്പെങ്കിലും ഓഡിറ്റ് പരിശോധനകൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**3-2** ജീവനക്കാരുടെ പെൻഷൻ വിഹിതം വർഷങ്ങളായി ഒടുക്കുന്നില്ല

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് അതാത് മാസം തന്നെ (15-ാം തീയ്യതിക്ക് മുമ്പ്) സെൻട്രൽ ഫണ്ടിൽ ഒടുയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തലശ്ശേരി നഗരസഭയിലെ ജീവനക്കാരുടെ പെൻഷൻ വിഹിതവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ (ഫയൽ നമ്പർ എ4-44544/13) ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വർഷങ്ങളായി ഒടുക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഫയൽ പ്രകാരം 01.07.2013 മുതൽ 31.03.2016 വരെ നഗരസഭ ഈയിനത്തിൽ 11382589/- രൂപ പെൻഷൻ വിഹിതമായി ഒടുക്കാൻ ബാക്കിയുണ്ട് എന്ന് കാണുന്നു (30.06.2013 വരെ ഒടുക്കാൻ ബാക്കിയുള്ള 14150756/- രൂപ സ.ഉ.(ആർ.ടി.)നം.2366/13/തസ്വഭവ തീയ്യതി 24.09.2013 പ്രകാരം ക്രമീകരിച്ചിട്ടുണ്ട്). ഫയൽ പ്രകാരം 31.03.2016 വരെ 59949184/-രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭയ്ക്ക് ലഭിക്കാൻ ബാക്കി നിൽക്കുന്നുണ്ട് എന്നും കാണുന്നു. കുടിശ്ശികയുള്ള പെൻഷൻ വിഹിതം ഒടുക്കി നഗസഭയ്ക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിയ്ക്കാനുള്ള ബാക്കി തുക ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

**3-3** ജീവനക്കാരുടെ ഡി.എ. കുടിശ്ശിക പി.എഫിൽ ലയിപ്പിക്കുന്നില്ല

തലശ്ശേരി നഗരസഭയിലെ ഫയൽ നമ്പർ എ.2/19699/01 പരിശോധിച്ചപ്പോൾ റഗുലർ ജീവനക്കാർക്ക് സ.ഉ.പി.362/10/ധന തീയ്യതി 03.07.2010 പ്രകാരം 01.01.2010 മുതൽ അനുവദിക്കപ്പെട്ട ക്ഷാമബത്ത കുടിശ്ശികയും, കണ്ടിജന്റ് ജീവനക്കാർക്ക് സ.ഉ.പി.91/08/ധന തീയ്യതി 16.02.2008 പ്രകാരം 01.07.2007 മുതൽ അനുവദിക്കപ്പെട്ട ക്ഷാമബത്ത കുടിശ്ശികയും നാളിതുവരെ ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല എന്ന് കാണുന്നു.. ആയത് പ്രോവിഡണ്ട്

ലയിപ്പിക്കുവാൻ ആവശ്യമായ അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

### **3-4** <u>മുൻകൂറുകൾ അനുവദിക്കുമ്പോൾ ക്രമീകരിക്കാനുള്ള സമയപരിധി രേഖപ്പെടുത്തുന്നില്ല</u>

ധനകാര്യ വകുപ്പിന്റെ 19.07.2000-ലെ ജി.ഒ.(പി.) 1035/2000 നമ്പർ ഉത്തരവ് പ്രകാരം ആകസ്മിക ചെലവുകൾക്കായി നൽകിയ മുൻകൂറുകൾ സമയപരിധിക്കുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ നിലവിലുള്ള ബാങ്ക് നിരക്കിൽ പലിശ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നഗരസഭ ആകസ്മിക ചെലവുകൾക്ക് മുൻകൂറുകൾ നൽകുമ്പോൾ നഗരസഭയുടെ അനുമതി ഉത്തരവിൽ ആയത് ക്രമീകരിക്കുന്നതിനുള്ള സമയപരിധി പരാമർശിക്കുകയോ അപ്രകാരം ചെയ്യാത്തപക്ഷം നിലവിലുള്ള ബാങ്ക് നിരക്കിൽ പലിശ ഈടാക്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇപ്രകാരം ആവശ്യമായ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്താത്തതിനാൽ മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ പലിശ ഈടാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഉദാഹരണത്തിന് തലശ്ശേരി പഴയ ബസ് സ്റ്റാന്റിലെ മുനിസിപ്പൽ ബിൽഡിങ്ങിന്റെ മുന്നിലുള്ള മരം മുറിച്ച് മാറ്റുന്നതിന് ആവശ്യമായ 8000/- രൂപ (വൗച്ചർ നമ്പർ 275/10.07.2015) മുൻകൂറായി ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് വിഭാഗം മരം മുറിച്ച് മാറ്റിയതിനാൽ ടി തുക 06.09.2016-ന് (13 മാസത്തിന് ശേഷം) രസീത് നമ്പർ 18138 പ്രകാരം നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചതായി കാണുന്നു. മേൽ പറഞ്ഞ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മുൻകൂറുകൾ നൽകിയതിന്റെ പേരിൽ നഗരസഭയ്ക്ക് നഷ്ടം വരുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകസ്മിക ചെലവുകൾക്ക് മുൻകൂറുകൾ അനുവദിക്കുമ്പോൾ അനുമതി ഉത്തരവിൽ ക്രമീകരിക്കാനുള്ള സമയപരിധി രേഖപ്പെടുത്തേണ്ടതാണ്.

### **3-5** <u>മുൻകൂർ നൽകിയ തുക ചെലവഴിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല – **35,500/-** രൂപ തടസ്സത്തിൽവെക്കുന്നു.</u>

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മുൻകൂറായി നൽകിയ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും (10.01.2017-ലെ ഓഡിറ്റ് റിക്വിസിഷൻ) ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 35,500/- രൂവപ തടസ്സപ്പെടുത്തുന്നു.

| ക്ര.നം. | വൗച്ചർ നമ്പർ/തീയ്യതി | ചെലവിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക |
|---|---|---|---|
| 01 | വൗച്ചർ നം. 273/07/15 തീ. 10.07.2015 ഫയൽ നം. എച്ച്.4/ 29988/14 | തലശ്ശേരി ജൂബിലി റോഡിലെ യത്തീംഖാന കെട്ടിടത്തിന്റെ എതിർവശത്തുള്ള വലിയ തണൽ മരത്തിന്റെ ശിഖരം മുറിച്ച് നീക്കം ചെയ്യുന്നതിന് ശ്രീ. പി.കെ.സതീശൻ, ബി.ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർക്ക് അഡ്വാൻസ് നൽകിയത് | 15,000/- |
| 02 | വൗച്ചർ നം. 274/07/15 തീ. 10.07.2015 ഫയൽ നം. എച്ച്.4/ 30595/15 | തലശ്ശേരി ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിന്റെ അപകടകരമായ ഒരു തണൽ മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് ബി. ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പി.കെ. | 15,000/- |

| | | | |
|---|---|---|---|
| | | സതീശന് അഡ്വാൻസ് നൽകിയത്. | |
| 03 | വൗച്ചർ നം. 245/07/15<br>തീ. 03.07.2015<br>ഫയൽ നം. എച്ച്.4/ 16204/14 | ശ്രീ. രാഗേഷ് പി.വി., ഹെൽത്ത് ഇൻസ്പെക്ടർ ഡി. ഡിവിഷൻ മരം മുറിച്ച് മാറ്റുന്നതിന് തുക അനുവദിച്ചത്. | 5,500/- |
| ആകെ തുക | | | 35,500/- |

മുൻകൂറുകൾ നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ലെങ്കിൽ മുൻകൂർ തുക പലിശസഹിതം മുൻകൂർ കൈപ്പറ്റിയ വ്യക്തികളിൽനിന്നും/ഉത്തരവാദിയായവരിൽനിന്നും ഈടാക്കേണ്ടതാണ്.

### 3-6 <u>മരം മുറിച്ച് മാറ്റൽ - ഉടമസ്ഥനിൽ നിന്ന് തുക ഈടാക്കിയിട്ടില്ല.</u>

ഫയൽ നമ്പർ - എച്ച്.4-53922/14

വൗച്ചർ നമ്പർ/തീയ്യതി - 276/07/15 തീയ്യതി 10.07.2015

തലശ്ശേരി നഗരസഭാ പരിധിയിൽ കായത്ത് റോഡിൽ (വാർഡ് - 48) ശ്രീമതി കുഞ്ഞാമിന ഉമ്മ, സി.കെ.പി. എന്നവരുടെ ഉടമസ്ഥതയിലുള്ള അപകടകരമായ ഒരു തെങ്ങ് വീടിന് ഭീഷണിയായി നിൽക്കുന്നതിനാൽ മുറിച്ച് മാറ്റുന്നതിന് വേണ്ടി ശ്രീമതി ഒ.സി. അനന്തലക്ഷ്മി എന്നവരുടെ പരാതിയിൻമേൽ മരം മുറിച്ച് മാറ്റാൻ ആവശ്യപ്പെട്ട് നഗരസഭ എതിർക്ഷിക്ക് നോട്ടീസ് നൽകിയിട്ടും മരം മുറിച്ച് മാറ്റാത്തതിനാൽ 05.06.2015-ന് നഗരസഭയുടെ ചുമതലയിൽ മുറിച്ച് മാറ്റി. നഗരസഭാ വൗച്ചർ നമ്പർ 276/07/15 തീയ്യതി 10.07.2015 പ്രകാരം 7000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

1994 കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 412(2), 538 പ്രകാരം ഈ ചെലവ് ഉത്തരവാദികളായ വ്യക്തികളിൽ നിന്നും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നഗരസഭ നാളിതുവരെയായി തുക ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 50/2015-16 തീയ്യതി 03.12.2016) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി വിനിയോഗിച്ച തുക 7000/- രൂപയും കേരള മുനിസിപ്പാലിറ്റി

നിയമത്തിലെ 4-ാം പട്ടിക, 5-ാം പട്ടിക എന്നിവ പ്രകാരമുള്ള പിഴയും ഉടമയിൽ നിന്നും/ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല - 5,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ - എച്ച്.4/10713/08

വൗച്ചർ നമ്പർ - 512/9-15

ചെലവ് തുക/തീയ്യതി - 5,20,000/- തീയ്യതി 29.09.2015

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി, തലശ്ശേരി നഗരസഭ

മഴക്കാലപൂർവ്വ ശുചിത്വ കാമ്പയിൻ 2015-ന്റെ ഭാഗമായി നഗരസഭയിലെ വാർഡുകളിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിനായി വാർഡ് 1-ന് 10,000/- രൂപ പ്രകാരം 52 വാർഡുകളിലേക്ക് മേൽ വൗച്ചർ പ്രകാരം 5,20,000/- രൂപ ഹെൽത്ത് സെക്ഷനിലെ ബന്ധപ്പെട്ട ജീവനക്കാർ താഴെ കൊടുത്ത പ്രകാരം കൈപ്പറ്റിയിട്ടുണ്ട്.

| വാർഡ് നമ്പർ | പേര് | തുക |
|---|---|---|
| 1 മുതൽ 9 വാർഡ് വരെ | സജിന കെ., ജെ.എച്ച്.ഐ. | 90,000/- |
| 10 മുതൽ 18 വാർഡ് വരെ | ഷീന ലോറൻസ്, ജെ.എച്ച്.ഐ. | 90,000/- |
| 19 മുതൽ 25 വാർഡ് വരെ | ഷീല ഇ., ജെ.എച്ച്.ഐ. | 70,000/- |
| 45 മുതൽ 48 വാർഡ് വരെ | ബാബു കെ., ജെ.എച്ച്.ഐ. | 50,000/- |
| 31 മുതൽ 45 വാർഡ് വരെ | രജില എം., ജെ.എച്ച്.ഐ. | 1,50,000/- |
| 46 മുതൽ 52 വാർഡ് വരെ | എ. ജിതേഷ് ഖാൻ, ജെ.എച്ച്.ഐ. | 70,000/- |

| | |
|---|---|
| ആകെ | 5,20,000/- |

വാർഡ് തലത്തിൽ ശുചിത്വ പ്രവർത്തനങ്ങളുടെ കണ്ടെത്തൽ, ആസൂത്രണവും കർമ്മ പരിപാടികളും തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തിക്കുകയാണ് പ്രീ മൺസൂൺ കാമ്പയിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിൽ (23.04.2015-ലെ 178649/ഡി.സി.1/2015/തസ്വഭവ) നഗരസഭ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. വാർഡ് തലത്തിൽ വിശദമായ ചർച്ചകൾ നടത്തി തയ്യാറാക്കി നഗരസഭാ സമിതി അംഗീകരിച്ച വാർഡ് തല പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങളും ചെലവുകളും നടത്തേണ്ടതെന്നും പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാർഗ്ഗനിർദ്ദേശത്തിൽ സൂചിപ്പിച്ച പ്രവർത്തനരേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണോ ചെലവും പ്രവർത്തനവും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 51/15-16 തീയ്യതി 03.12.2016) വിശദവിവരം/ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

23.04.2015-ലെ 178649/ഡി.സി.1/2015/തസ്വഭവ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ചെലവ് സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്ന് ശേഖരിക്കേണ്ടതും ഒറിജനൽ വൗച്ചറുകൾ നഗരസഭയിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. തുക ചെലവഴിച്ചത് സംബന്ധിച്ച യാതൊരു വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക 5,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-8** പൗരാവകാശ രേഖ - കൗൺസിൽ അംഗീകാരമില്ല - തുക തടസ്സപ്പെടുത്തുന്നു

തലശ്ശേരി നഗരസഭയുടെ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് 29.04.2015-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പൗരാവകാശ രേഖ അച്ചടിക്കുന്നതിന് മെസേർസ് പ്രിന്റിംഗ് പാർക്ക്, തലശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 30.07.2015-ലെ 43-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ പൗരാവകാശ രേഖ പുതുക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയതായി കാണുന്നില്ല. ആയതിനാൽ പൗരാവകാശ രേഖ അച്ചടിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 41/2015-16 തീയ്യതി 31.12.2015 പ്രകാരം

ചെലവഴിച്ച 301050/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**3-9** ഒഴിവാക്കി

**3-10** ഒഴിവാക്കി

**3-11** മുറിച്ച മാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യാതിരുന്നതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതിയുടെ പേര് - രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ

പ്രോജക്ട് നമ്പർ - 24/16

വകയിരുത്തൽ - 433250 – വികസന ഫണ്ട് ജനറൽ

18750 - ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)

-----------

ആകെ - 4,52,000

ചെലവ് - 2,59,000 (ബിൽ നം.(1) 8/15-16/23.3.16 – 110500

(2) 11/15-16/23.3.16 - 148500

മേൽ പദ്ധതി പ്രകാരം രോഗം വന്ന 750 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ പ്രകാരം 375000 രൂപയും പുതിയ തെങ്ങിൻ തൈകൾ വാങ്ങുന്നതിന് 75 രൂപ നിരക്കിൽ 56250 രൂപയും നിർവ്വഹണത്തിനായി 2000 രൂപയും ഉൾപ്പെടെ

433250 രൂപയാണ് വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നത്. തെങ്ങിൻ തൈകൾ വാങ്ങുന്നതിനായി തെങ്ങൊന്നിന് 25 രൂപ പ്രകാരം ആകെ 18750 രൂപ ഗുണഭോക്തൃ വിഹിതം വകയിരുത്തുകയും ചെയ്തുൾപ്പെടെ ഈ പദ്ധതിക്കായുള്ള ആകെ വകയിരുത്തൽ 452000 രൂപയായിരുന്നു.

പദ്ധതിയുടെ ഭാഗമായി 274 ഗുണഭോക്താക്കളുടെ 518 തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ആകെ 259000 രൂപ വികസന ഫണ്ടിൽനിന്ന് പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. എന്നാൽ തെങ്ങിൻ തൈകൾ വാങ്ങുന്നതിന് വകയിരുത്തിയിരുന്ന വികസന ഫണ്ട് വിനിയോഗിച്ചതായി കാണുന്നില്ല. മാത്രമല്ല ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയോ വിനിയോഗിക്കുകയോ ചെയ്തതായും കാണുന്നില്ല. ഉൽപാദന വർദ്ധനവായിരുന്നു പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്ന ലക്ഷ്യം. കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയതു കൊണ്ടുമാത്രം ഉൽപാദന വർദ്ധനവ് ഉണ്ടാവുകയില്ല. പുതിയ തൈകൾ നട്ടു പിടിപ്പിച്ചാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവുകയുള്ളൂ. തെങ്ങിൻ തൈകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പദ്ധതിപ്പണമോ ഗുണഭോക്തൃ വിഹിതമോ വിനിയോഗിക്കാതിരുന്നത് സംബന്ധിച്ച് 17/15-16/31.10.16 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയോ/വിശദീകരണമോ ലഭിച്ചില്ല. ആയതിനാൽ പദ്ധതി ചെലവ് 2,59,000/- രൂപയുടെ വിനയയോഗം ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**3-12** <u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ചെലവ് തടസ്സപ്പെടുത്തുന്നു</u>

പ്രോജക്റ്റിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക്

സ്കോളർഷിപ്പ്.

പ്രോജക്റ്റ് നമ്പർ - 287/16

വകയിരുത്തൽ - 1000000/- (വികസന ഫണ്ട്)

ചെലവ് - 991500/-

ബിൽ നമ്പർ/തുക - 11/15-16 തീയ്യതി 30.03.16 (1000000/-)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ്. കൊടുവള്ളി.

'ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്' എന്ന പദ്ധതി നടപ്പിലാക്കിന്നതിന് വേണ്ടി വികസന ഫണ്ടിൽനിന്ന് 10 ലക്ഷം രൂപ പിൻവലിച്ചിരുന്നു. ഇതിൽ 8500/- രൂപ വികസന ഫണ്ടിലേക്ക് തന്നെ തിരിച്ചടച്ചതായും (ചെലാൻ നം. 285/4.7.16 പ്രകാരം) കാണുന്നുണ്ട്. വിവിധ

സ്കൂളുകളിൽ പഠിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന 82 വിദ്യാർത്ഥികൾക്ക് 8500/- രൂപ വീതവും ശാരീരിക വെല്ലുവിളി അനുഭവിക്കുന്ന 53 വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സുകളുടെ തരമനുസരിച്ച് വ്യത്യസ്ത നിരക്കുകളിലും സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി തുക വിനിയോഗിക്കപ്പെട്ടത്. ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതിലും കുറഞ്ഞ തുകയാണ് സ്കോളർഷിപ്പായി വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | ക്ലാസ്സ് | നൽകിയ സ്കോളർഷിപ്പ് തുക | പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നൽകേണ്ട തുക (പ്രതിവർഷം) | | |
|---|---|---|---|---|---|
| | | | ഡേ സ്കോളർ | ഹോസ്റ്റലർ | വാർഷിക ബത്ത |
| 01 | 1,2,3,4 | 4575 | 4800 (400 x 12) | 7200 (600 x 12) | 500 |
| 02 | 5,6,7,8 | 5000 | 6000 (500 x 12) | 9000 (750 x 12) | 600 |
| 03 | 9,10,11,12 | 5500 | 7200 (600 x 12) | 9600 (800 x 12) | 800 |
| 04 | ബിരുദം | 7300 | 9600 (800 x 12) | 18000 (1500 x 12) | 1500 |
| 05 | വൊക്കേഷണൽ പരിശീലനം | 7300 | 12000 (1000 x 12) | 18000 (1500 x 12) | 1500 |

വിദ്യാർത്ഥികളെ ഡേ സ്കോളർ, ഹോസ്റ്റലർ എന്നീ വഭാഗങ്ങളായി വേർതിരിച്ച് അവർക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ

ആണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. മാത്രമല്ല വാർഷിക ബത്തയും അനുവദിച്ചു കാണുന്നില്ല.

2. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം താഴെ പറയുന്ന നിരക്കുകളിൽ സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതായിരുന്നു. വിശദാംശങ്ങൾ കാണുക.

<table>
<tr><th>ക്ര.നം.</th><th>ഇനം</th><th>വാർഷികമായി നൽകേണ്ട തുക</th><th>നൽകിയ തുക</th></tr>
<tr><td>01</td><td>സ്കോളർഷിപ്പ് പ്രതിമാസം 1000/-</td><td>10000<br>(10 മാസത്തേക്ക് കണക്കാക്കിയത്)</td><td rowspan="5">8500/-</td></tr>
<tr><td>02</td><td>വസ്ത്രങ്ങൾക്കുള്ള ബത്ത</td><td>800</td></tr>
<tr><td>03</td><td>പഠന സഹായികൾക്ക് /വിദ്യാഭ്യാ സ സാമഗ്രികൾക്ക് ബത്ത</td><td>1400</td></tr>
<tr><td>04</td><td>ഡേ സ്കോളർക്ക് യാത്രാ ബത്ത (പ്രതിമാസം - 400/-)</td><td>4800</td></tr>
<tr><td>05</td><td>ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം മുതലായവയ്ക്ക് - രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ</td><td>1000</td></tr>
<tr><td></td><td>ഡേ സ്കോളറായ മാനസിക വെല്ലുവിളി നേരിടുന്ന</td><td>18,000/-</td><td></td></tr>
</table>

| | | | |
|---|---|---|---|
| | വിദ്യാർത്ഥിക്ക് ആകെ നൽകേണ്ട തുക | | |

ഡേ സ്കോളറായ മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് 18,000/- രൂപ ലഭിക്കേണ്ടതാണ്. എന്നാൽ ഡേ സ്കോളർ ഹോസ്റ്റലർ എന്ന തരംതിരിവുകൾ ഒന്നും നടത്താതെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 8500/- രൂപ വീതം അനുവദിക്കുകയാണുണ്ടായത്.

3. ഡെ കെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഡെ കെയർ സെന്ററുകളിലോ പോകാത്തവർ (18 വയസ്സിൽ താഴെയുള്ളവർ) എന്നീ വിഭാഗങ്ങളിൽപ്പെട്ട കഷ്ടതയനുഭവിക്കുന്നവർക്ക് ആനുകൂല്യം ലഭിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ ഭാഗമായി ഇത്തരത്തിലുള്ള ദുർബല വിഭാഗങ്ങളെ കണ്ടെത്തുന്നതിന് നടപടിയെടുത്തതായി രേഖയില്ല.

4. ധനസഹായം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വിദ്യാർത്ഥിക്ക്/രക്ഷിതാവിന് /വ്യക്തിക്ക് നൽകണം എന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആനുകൂല്യം അർഹരായ വ്യക്തികൾക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനാണ് സർക്കാർ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിലെ മേധാവികളാണ് സ്കോളർഷിപ്പ് തുകകൾ കൈപ്പറ്റിയതായി കാണുന്നത്. ചില സ്കൂളുകളിലേക്ക് സ്കോളർഷിപ്പ് തുക അയച്ചുകൊടുത്തതായും കാണുന്നുണ്ട്. സ്കോളർഷിപ്പ് തുകകൾ വിദ്യാർത്ഥികൾക്ക്/രക്ഷിതാവിന് നേരിട്ട് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ നഗരസഭയിലെ സ്ഥിരതാമസക്കാരായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

6. വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ മേധാവികൾ നൽകുന്ന അർഹരായ വിദ്യാർഥികളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് പ്രോജക്ട് ഫയിലനൊപ്പം ലഭ്യമല്ല.

മേൽ സൂചിപ്പിച്ച ന്യൂനതകൾ/പോരായ്മകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/15-16 തീയ്യതി 18.10.2016) ഹെഡ്മാസ്റ്റർ സമർപ്പിച്ച മറുപടിയിൽ പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശം നഗരസഭയിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ഹെഡ്മാസ്റ്ററുടെ ഈ വിശദീകരണം

ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കുകയില്ല. മേൽ കാരണങ്ങളാൽ 991500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 അതുല്യം തുടർവിദ്യാഭ്യാസ പരിപാടി-അപാകതകൾ

പദ്ധതിയുടെ പേര് - അതുല്യം തുടർവിദ്യാഭ്യാസ പരിപാടി (257/16)

വകയിരുത്തൽ - 1,50,000/- (വികസന ഫണ്ട്)

ചെലവ് - 93111 (ബിൽ നം. 10/15-16; 28.3.16)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ്.എസ്. കൊടുവള്ളി.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 വർഷം വികസന ഫണ്ടിൽനിന്ന് തുല്യത തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 30501/- രൂപയും കുടനിർമ്മാണ പരിശീലനത്തിന്റെ ഭാഗമായി 62610 രൂപയും ഉൾപ്പെടെ 93111 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 വർഷം എത്ര സാക്ഷരതാ പഠിതാക്കൾ തുല്യത പരീക്ഷ എഴുതിയിട്ടുണ്ട് എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. അവരുടെ പരീക്ഷാ രജിസ്ട്രേഷൻ സംബന്ധിച്ചും പരീക്ഷാ ഫലം സംബന്ധിച്ചുമുള്ള യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

3. കൊച്ചിൻ സ്റ്റേഷനറി, പാരീസ് ലേൻ, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് 30501/- രൂപ ചെലവഴിച്ച് (ഇൻ.നം. 3008/4.6.15; 3009/4.6.15) പഠിതാക്കൾക്കുള്ള നോട്ട്ബുക്ക്, പേന, പെൻസിൽ തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ,

(i) സാധനങ്ങൾ വാങ്ങിയപ്പോൾ ജി.ഒ. (പി.)259/2010/തസ്വഭവ; തീയ്യതി 8.11.10 നമ്പർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

(ii) സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(iii) പഠനസാമഗ്രികൾ പഠിതാക്കൾക്ക് വിതരണം ചെയ്തത് സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

4. 16.11.13-ലെ ജി.ഒ. (എം.എസ്.)362/2013/തസ്വഭവ നമ്പർ പ്രകാരമുള്ള 12-ാം

പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം കേരള സംസ്ഥാന സാക്ഷരതമിഷൻ അതോറിറ്റിയിൽ കീഴിൽ സാക്ഷരത/തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും അവർ കേരള സംസ്ഥാന മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. പഠിതാക്കൾക്ക് പാഠപുസ്തകം വാങ്ങുന്നതിനോ അവരുടെ ഫീസ് അടവാക്കുന്നതിനോ പദ്ധതിപ്പണം വിനിയോഗിക്കപ്പെട്ടതായി കാണുന്നില്ല.

5. രണ്ട് വികസന വിദ്യാ കേന്ദ്രങ്ങളിലെയും നാല് തുടർവിദ്യാ കേന്ദ്രങ്ങളിലെയും 132 പഠിതാക്കൾക്ക് കുടനിർമ്മാണത്തിൽ പരിശീലനം നടത്തിയ വകയിൽ പരിശീലന സാമഗ്രികൾ വാങ്ങുന്നതിന് 31862 രൂപയും പരിശീലനം പരിപാടികൾക്ക് 30748 രൂപയും ഉൾപ്പെടെ ആകെ 62610 രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ, ലാലാ അംബ്രല്ലാ, കോട്ടപ്പറമ്പ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് കുടനിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് 31062/- രൂപ (ഇൻ.നം. 394/2.1.16) ചെലവഴിച്ചിരുന്നു. മേൽ ഖണ്ഡിക 4 പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം 5000/- രൂപയ്ക്ക് മുകളിലും 49,999 രൂപ വരെയും മതിപ്പുവിലയുള്ള വാങ്ങലുകൾ നടത്തുമ്പോൾ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നെങ്കിലും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടതായികാണുന്നില്ല.

സാക്ഷരതാ പഠിതാക്കളെ കണ്ടെത്തലും പരിശീലനവുമാണ് പ്രൊജക്ട് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രവർത്തനം. സാക്ഷരതാ പഠിതാക്കൾക്ക് വേണ്ടി പദ്ധതിപ്പണം ചെലവഴിക്കുന്നതിനു പകരം കുടനിർമ്മാണ പരിശീലനം ഈ പ്രൊജക്ടിന്റെ ഭാഗമായി ഏറ്റെടുത്ത് നടത്തിയത് പ്രൊജക്ട് വിഭാവനം ചെയ്ത ലക്ഷ്യത്തിൽനിന്നുള്ള വ്യതിചലനവും പദ്ധതിപ്പണം കാര്യക്ഷമമായി വിനിയോഗിക്കുന്നതിലെ വീഴ്ചയുമായി വിലയിരുത്തുന്നു. മേൽക്കാര്യങ്ങളിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 06/2015-16 തീയ്യതി 27.09.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 93111 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-14** <u>ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതിയുടെ പേര് - കറവപ്പശു വിതരണം

പ്രോജക്ട് നമ്പർ - 6/16

വകയിരുത്തൽ - 7,00,000 (3,00,000 – വികസന ഫണ്ട്,

4,00,000 – ഗുണഭോക്താക്കളുടെ വായ്പ)

ചെലവ് - 2,85,000 (ബിൽ നമ്പർ 7/15-16, 28.3.16)

കറവപ്പശു വിതരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 വർഷം 19 ഗുണഭോക്താക്കൾക്കുവേണ്ടി 2,85,000 രൂപ (19 x 15000) പിൻവലിച്ച് ചെലവ് ചെയ്തിട്ടുണ്ട്. കറവപ്പശുവിന് കണക്കാക്കിയിരിക്കുന്ന വില 35000 രൂപയാണ്. ഇരുപതിനായിരം രൂപ ഗുണഭോക്താവിന്റെ ബാങ്ക് ലോണും 15000 രൂപ സർക്കാർ സബ്സിഡിയും ഉൾപ്പെട്ട തുകയാണിത്. 2015-16 വർഷത്തെ കറവപ്പശു വിതരണത്തിന്റെ വ്യക്തിഗത കുടുംബ ആനുകൂല്യങ്ങൾക്കുള്ള അന്തിമ ഗുണഭോക്തൃ പട്ടിക പരിശോധിച്ചതിൽനിന്നും ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി കെ. വത്സല, കാരായി, ഊരങ്കോട് എന്നവർ പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.03.2003-ലെ 13077/ഡി.പി.1/03/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ വാർഡ്സഭ മുഖേന മാത്രമേ തെരഞ്ഞെടുക്കാൻ പാടുള്ളൂ. അപ്രകാരം തെരഞ്ഞെടുക്കപ്പെടാത്തവർക്ക് ആനുകൂല്യം നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും (08.12.2014-ലെ 4212/എ.ബി.1/14 നമ്പർ സർക്കുലർ കാണുക.)

അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത ശ്രീമതി കെ. വത്സല എന്നവർക്ക് സബ്സിഡി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം വികസന ഫണ്ടിൽനിന്ന് ചെലവഴിച്ച 15000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

## **3-15** വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-**1,50,000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്റിനറി സർജൻ

ആകെ അടങ്കൽ: 7,50,000

ചെലവ് : 1,50,000 (ബിൽ നം. 8/15-16/28.03.2016)

തലശ്ശേരി നഗരസഭ 2015-16 വർഷം കന്നുകുട്ടി പരിപാലനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി എസ് എൽ ബി പി ഡയറക്ടർക്ക് 1,50,000 രൂപ

നൽകിയിട്ടുണ്ട്. എസ് എൽ ബി പി യ്ക്ക് പണം നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നമ്പർ | പ്രോജക്ട് നമ്പർ | ഡി ഡി നമ്പർ | തുക |
|---|---|---|---|
| 8/2015-16 | 17/16 | 178034 dt 30.3.16 | 150000/- |

പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ അല്ലെങ്കിൽ ആയത് ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്യേണ്ടതാണെന്നും പദ്ധതി നടപ്പിലാക്കിയതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/15-16 തീ. 18.10.16) നിർവ്വഹണോദ്യോഗസ്ഥനായ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ് എന്നാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രമോ പ്രോഗ്രസ്സ് റിപ്പോർട്ടോ ലഭ്യമാക്കാത്തതിനാൽ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-16** <u>മഹിളാ മന്ദിരം അന്തേവാസികൾക്ക് തയ്യൽ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും **-** കൈപ്പറ്റ് രശീതും രേഖകളും ഹാജരാക്കാത്തതിനാൽ ചെലവ് തുക **60,000/-** രൂപ തടസ്സപ്പെടുത്തുന്നു**.**</u>

പ്രോജക്ട് നമ്പർ: - 295/16 (മഹിളാ മന്ദിരം അന്തേവാസികൾക്ക് തയ്യൽ പരിശീലനവും,

യൂണിറ്റ് സ്ഥാപിക്കലും)

അടങ്കൽ - 1,00,000/- (വികസന ഫണ്ട് (വനിത ഘടക പദ്ധതി)

ചെലവ് - 90081/- (1. ബിൽ നം. 10/സി.ഡി.എസ്/15-16, 4.12.15, 24500/-)

(2. ബിൽ നം. 12/സി.ഡി.എസ്/15-16, 18.01.16 5581/-

(3. ബിൽ നം. 22/സി.ഡി.എസ്./15-16, 18.03.1660000/-)

നിർവ്വഹണഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ,

തലശ്ശേരി നഗരസഭ

മഹിളാ മന്ദിരത്തിലെ 20 അന്തേവാസികൾക്ക് തയ്യൽ പരിശീലനം നൽകി ഗ്രൂപ്പ് സംരംഭം സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയിൽ പരിശീലന പരിപാടി മാത്രമേ നടന്നിട്ടുള്ളൂ. പരിശീലനം ലഭിച്ച വ്യക്തികൾ ഗ്രൂപ്പ് സംരംഭം ആരംഭിച്ചിട്ടില്ല. പരിശീലനത്തിനായി ഒരാൾക്ക് ഒരു ദിവസം 3 മണിക്കൂർ വീതം 90 ദിവസത്തേക്ക് 3000/- രൂപ എന്ന നിരക്കിൽ 20 പേർക്ക് ( 20 x 3000) 60000/- രൂപ WINGS (Women Initiative for Income generation & Support) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ഡി.ഡി. നം. 177224, 23.03.16). പദ്ധതി നിർവ്വഹണത്തവുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രൂപ്പ് സംരംഭം സ്ഥാപിച്ചതിന്റെ രേഖകളൊന്നും ഇല്ല.

2. പദ്ധതി പ്രകാരമുള്ള പരിശീലന കാലാവധിയായ 90 ദിവസം പൂർത്തിയാക്കിയില്ല. (ഹാജർ പട്ടിക പ്രകാരം 58 ദിവസം).

3. പരിശീലനം പൂർത്തിയാക്കിയ പഠിതാക്കളുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

4. തൊഴിൽ പരിശീലനം നൽകിയ സ്ഥാപനത്തിന്റെ (WINGS) കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

5. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 20/15-16 തീയതി 05.11.2016) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ന്യൂനതകളുടെ അടിസ്ഥാനത്തിൽ 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-17** <u>പട്ടികജാതി വിഭാഗത്തിന് സ്ഥലം വാങ്ങൽ ധനസഹായം - രേഖകളുടെ അഭാവത്തിൽ **2,00,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് നമ്പർ - 430/16 (എസ്.സി. വിഭാഗത്തിന് സ്ഥലം വാങ്ങൽ

ധനസഹായം)

ഫയൽ നമ്പർ - എച്ച്.4/13590/16

അടങ്കൽ - 4,00,000/- (വികസന ഫണ്ട് (എസ്.സി.പി.))

ചെലവ് - 4,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗരസഭ ദാരിദ്ര്യ നിർമ്മാർജ്ജന

സെൽ, തലശ്ശേരി നഗരസഭ.

മേൽ പദ്ധതി പ്രകാരം ശ്രീമതി വിനിഷ കെ.പി.പി.എസ്. ഭവൻ, കാവുംഭാഗം എന്ന ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിനായി 2,00,000/- രൂപ (ചെക്ക് നമ്പർ 400358, 04.03.16) ധനസഹായം അനുവദിച്ചിട്ടുണ്ട്.

12-ാം പദ്ധതി മാർഗ്ഗരേഖയിലെ പ്രൊജക്ട് രൂപീകരണ ഫോറം - 1 ക്രമ നമ്പർ 40(1) പ്രകാരം താഴെ പറയുന്ന രേഖകൾ ഗുണഭോക്താവ് ഹാജരാക്കേണ്ടതാണ്.

1. പരമ്പരാഗത കുടുംബത്തിൽ നിന്നും അനന്തരവകാശിയായി ഭൂമി ലഭിക്കാൻ അവകാശമില്ലാത്തവരാണെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം,

2. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

3. വരാമാന സർട്ടിഫിക്കറ്റ്

4. മുമ്പ് ധനസഹായം ലഭിച്ചില്ലായെന്ന സാക്ഷ്യപത്രം.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തിരുവങ്ങാട് വില്ലേജ് ഓഫീസറുടെ 18.02.16-ലെ 236/16 നമ്പർ സാക്ഷ്യപത്രത്തിൽ മേൽ പറഞ്ഞ ഗുണഭോക്താവിനും, ഭർത്താവിനും തിരുവങ്ങാട് വില്ലേജിൽ സ്വന്തമായി ഭൂമിയില്ലായെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റല്ലാതെ ക്രമ നമ്പർ 1-ൽ നിഷ്കർഷിച്ച മാതൃകയിലുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ല. ക്രമ നമ്പർ 4-ലെ സൂചിപ്പിച്ച മുമ്പ് ഇതേ ആവശ്യത്തിനായി ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഇല്ല.

മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 18/15-16 തീയ്യതി 31.10.2016) വിശദീകരണം നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-18** ഹോമിയോ ഡിസ്പൻസറികൾക്ക് മരുന്ന് വാങ്ങൽ - കാലതാമസം ഒഴിവാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ: Soo 12/16. തലശ്ശേരി ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ

ബിൽ നമ്പർ: 03/15-16 തീയതി 15.12.2015

വികസന ഫണ്ട്: 1,50,000/-

ഡി.ഡി. നമ്പർ: 385534, 16.12.2015

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, തലശ്ശേരി ഹോമിയോ ഡിസ്പൻസറി

തലശ്ശേരി ഹോമിയോ ഡിസ്പൻസറിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 1,50,000/- രൂപ ആലപ്പുഴ ഹോമിയോപ്പതിക സഹകരണ ഫാർമസിക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നം. 385534 തീ. 16.12.2015). പ്രസ്തുത സ്ഥാപനത്തിന്റെ 19.09.2015-ലെ പി.എഫ്.484-ാം നമ്പർ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 26 ഇനം മരുന്നുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. ഇതിൽ 87,180/- രൂപയുടെ മരുന്ന് 25.02.2016-ന് ലഭിച്ചിട്ടുണ്ട് (ഇൻവോയ്സ് നമ്പർ എൽ.എഫ്.1219, 23.02.2016). ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ: 01/2015-16 തീയതി 29.08.2016) മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇനിയും 62,820/- രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**3-19** ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്ന് വിതരണത്തിൽ കരാർ വ്യവസ്ഥ പാലിക്കുന്നില്ല

പ്രോജക്ട് നമ്പർ - എസ്.ഒ. 28/16 (തലശ്ശേരി ഗവ: ആയുർവ്വേദ ആശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ - 15,00,000/- (വികസന ഫണ്ട്)

ബിൽ നമ്പർ - പി.2/2015-16 തീയ്യതി 23.09.2015

ഡി.ഡി.നമ്പർ - 383592, തീയ്യതി 23.09.2015

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, തലശ്ശേരി ഗവ: ആയുർവ്വേദ ആശുപത്രി.

2015-16 വർഷം ഗവ: ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രകാരം 15,00,000/- രൂപ ഔഷധിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ 60

ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണമെന്ന വ്യവസ്ഥയിൽ മുൻകൂർ നൽകാവുന്നതാണെന്ന് 28.11.2010-ലെ 13160/ഡി.എ.1/2010 നമ്പർ ഗവഃ സർക്കുലറിൽ പ്രതിപാദിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ഔഷധിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും കരാറിൽ ഏർപ്പെട്ടിട്ടും പദ്ധതി പ്രകാരം മരുന്ന് വിതരണം നടത്തിയതിൽ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. 2015-16 വർഷത്തെ പദ്ധതി പ്രകാരമുള്ള മരുന്നുകൾ 11/2015-നകം വിതരണം നടത്തേണ്ടതാണെങ്കിലും 12/2015, 01/2016, 2/2016, 3/2016, 7/2016 എന്നീ മാസങ്ങളിൽ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. മരുന്ന് വിതരണത്തിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## **3-20** ഒഴിവാക്കി

## **3-21** ഒഴിവാക്കി

## **3-22** എസ്.ജെ.എസ്.ആർ.വൈ - വ്യക്തിഗത സംരംഭത്തിന് സബ്സിഡി അനുവദിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല

നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്.ആർ.വൈ, കുടുംബശ്രീ, സി.ഡി.എസ്. മുഖേനയാണ് നടപ്പിലാക്കുന്നത്. എസ്.ജെ.എസ്.അർ.വൈ. പദ്ധതിയുടെ ഭാഗമായ യു.എസ്.ഇ.പി. സ്കീം മുഖേന സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിവിധ ബാങ്കുകളിൽ നിന്നും ലോൺ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഗുണഭോക്താക്കൾക്ക് കൗൺസിൽ തീരുമാന പ്രകാരം (നമ്പർ 22, 26.9.15) യു.പി.എ. ഫണ്ടിൽ നിന്നും താഴെ കൊടുത്ത പ്രകാരം ബാക്ക് എൻഡ് സബ്സിഡി തലശ്ശേരി നഗരസഭ അനുവദിച്ചിട്ടുണ്ട്.

| പേര് | പദ്ധതി | പദ്ധതി അടങ്കൽ | സബ്സിഡി | ചെക്ക് നം./ തീയ്യതി | ബേങ്കിന്റെ പേര് |
|---|---|---|---|---|---|
| 1.സുഹാസിനി രാജീവൻ | ടൈലറിംഗ് യൂണിറ്റ് | 2,00,000 | 50,000 | 45687 28.10.15 | ടൗൺ സർവ്വീസ് സഹകരണ |

| | | | | | |
|---|---|---|---|---|---|
| | | | | | ബാങ്ക് |
| 2.ആശ കെ.പി. | " " | 2,00,000 | 50,000 | 45687 28.10.15 | " " |
| 3. ശ്രീ.മണി പ്രകാശ് | മുറുക്ക് നിർമ്മാണ യൂണിറ്റ് | 40,000 | 10,000 | 45690 28.10.15 | ബറോഡ ബാങ്ക് തലശ്ശേരി |
| 4.ശ്രീ ഹുസൈൻ | സോഡാ നിർമ്മാണ യൂണിറ്റ് | 2,00,000 | 50,000 | 45689 28.10.15 | സിൻഡിക്കേറ്റ് ബാങ്ക് തലശ്ശേരി |
| 5.ശ്രീമതി പ്രിയംവദ | ടൈലറിംഗ് യൂണിറ്റ് | 2,00,000 | 50,000 | 45688 28.10.15 | ടൗൺ റൂറൽ സഹകരണ ബേങ്ക് തലശ്ശേരി |
| ആകെ | | | 2,10,000 | | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ കൊടുക്കുന്നു

1. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷയും അർഹത തെളിയിക്കുന്ന രേഖകളും ഫയലിൽ ലഭ്യമല്ല (7.7.14-ലെ കെ.എസ്./എഫ്/5898/2009 നമ്പർ സർക്കുലർ)

2. വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഇല്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ യൂണിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് ഹാജരാക്കിയില്ല.

4. വ്യക്തിഗത സംരംഭകരുടെ വിവരങ്ങൾ രേഖപ്പെടുത്തി യു.എസ്.ഇ.പി. രജിസ്റ്റർ സമർപ്പിച്ചിട്ടില്ല.

5. ഗുണഭോക്താക്കൾ സംരംഭം തുടങ്ങിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 33/2015-16 തീയ്യതി 18.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച ന്യൂനതകളുടെ അടിസ്ഥാനത്തിൽ 2,10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 <u>ടെണ്ടർ ക്ഷണിക്കാതെയും ധനവിനിയോഗ ചട്ടങ്ങൾ പാലിക്കാതെയും അംഗണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങി **- 2,99,944/-** രൂപ **തടസ്സപ്പെടുത്തുന്നു.**</u>

പ്രോജക്റ്റ് നമ്പർ - 277/16

അടങ്കൽ - 3,00,000/-

ചെലവ് - 299944/-(ബിൽ നം. 12/15-16 തീ.28.3.16)

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

1. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.

തലശ്ശേരി നഗരസഭയിലെ അംഗൺവാടികളിലേക്ക് എലിഫെന്റ് സ്ലൈഡർ വാങ്ങി നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 2014-15 വർഷത്തെ പ്രോജക്ട് ഭേദഗതി വരുത്തി 2015-16 വർഷം നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. മൂന്ന് ലക്ഷം രൂപ അടങ്കൽ വെച്ചിട്ടുള്ള പ്രസ്തുത പ്രോജക്ട് പ്രകാരം 37 എലിഫെന്റ് മോഡൽ സ്ലൈഡറുകൾ സിഡ്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് സിഡ്കോയിൽ നിന്ന് പ്രസ്തുത കളിക്കോപ്പുകൾ ലഭ്യമാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.11.2010 തീയ്യതിയിലെ സർക്കാർ ഉത്തരവ് 259/2010-ലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 21.06.2013-ലെ സർക്കാർ ഉത്തരവ് 3/2013/എസ്.പി.ഡി. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 അനുസരിച്ചും ഒരു ലക്ഷം രൂപയും അതിന് മുകളിലും ഉള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചുള്ള രീതിയാണ് അവലംബിക്കേണ്ടത്. സ്ലൈഡർ വാങ്ങിയിട്ടുള്ളത് സിഡ്കോയിൽ നിന്നായതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് സിഡ്കോയിൽ നിന്ന് സ്ലൈഡറുകൾ വാങ്ങിയത് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായി കണക്കാക്കുന്നു. അംഗൻവാടികളിലേക്ക് കളിക്കോപ്പുകളും മറ്റും സിഡ്കോയിൽ നിന്ന് വാങ്ങുന്നതിന് പ്രത്യേക അനുമതിയൊന്നും ഇല്ലായെന്നിരിക്കെ ടെണ്ടർ ക്ഷണിക്കാതെ സ്ലൈഡറുകൾ വാങ്ങിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 03/2015-16 തീയ്യതി 20.09.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ധനവിനിയോഗ ചട്ടങ്ങൾ പാലിക്കാതെ പണം മുൻകൂറായി നൽകി

മേൽ പ്രോജക്ട് പ്രകാരം സിഡ്കോവിൽ നിന്ന് ഡി.ഡി.നം. 177812/28.03.16 പ്രകാരം വികസനഫണ്ടിൽ നിന്ന് 299944/- രൂപ മേൽ ബിൽ പ്രകാരം നൽകുകയും ആയത് സിഡ്കോ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ലൈഡറുകൾ 2016 ജൂൺ മാസം മാത്രമാണ് അങ്കണവാടികളിൽ ലഭ്യമായിട്ടുള്ളതെന്ന് അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മനസ്സിലായി. സാധനങ്ങൾ ലഭ്യമാകുന്നതിന് മുമ്പ് മുൻകൂറായി മുഴുവൻ തുകയും നൽകിയത് 12.04.2006-ലെ 177/06/ധന നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രസ്തുത ഉത്തരവിൽ കൊടുത്തിട്ടുള്ള ഇനങ്ങൾകൊഴികെ മുൻകൂർ പണം പിൻവലിക്കുവാൻ

പാടില്ലായെന്ന് ധനവിനിയോഗചട്ടങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ കാരണങ്ങളാൽ കളിയുപകരണങ്ങൾ വാങ്ങുന്നതിന് ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-24** ടെണ്ടർ ക്ഷണിക്കാതെ അധിക നിരക്കിൽ സാക്ഷരതാ കേന്ദ്രത്തിന് തയ്യൽ മെഷീൻ വാങ്ങിയത് **- 74078/-** രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 237/16

അടങ്കൽ - 1,10,000/-

ചെലവ് - 74078/- (13/15-16തീ. 26.3.11)

ഏജൻസി - സിഡ്കോ.

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് തൊഴിൽ പരിശീലനം നടത്തുന്നതിന്റെ ഭാഗമായി നഗരസഭയിലെ തുടർവിദ്യാകേന്ദ്രങ്ങളിൽ തയ്യൽ പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിന് തയ്യൽ മെഷീനുകൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഒരു തയ്യൽ മെഷീനിന് വാറ്റ് അടക്കം 7407.8 രൂപ നിരക്കിൽ പത്ത് എണ്ണത്തിന് 74078/- രൂപ ചെലവിൽ കോഴിക്കോട് സിഡ്കോയിൽ നിന്ന് വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്ന് തയ്യൽ മെഷീനുകൾ വാങ്ങിയത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

തലശ്ശേരി നഗരസഭയിലെ മഹിളാ മന്ദിരത്തിലെ അന്തേവാസികൾക്ക് തയ്യൽ പരിശീലനം നടത്തുന്നതിന്റെ ഭാഗമായി 2015-16 വർഷം അഞ്ച് തയ്യൽ മെഷീനുകൾ ക്വട്ടേഷൻ വ്യവസ്ഥയിൽ വാങ്ങി നൽകിയിട്ടുണ്ട്. ഒരു തയ്യൽ മെഷീനിന് 4900/- രൂപ നിരക്കിൽ അഞ്ച് തയ്യൽ മെഷീനുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ കമ്പനിയുടെ ഇതേ സ്പെസിഫിക്കേഷനുള്ള തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നതിന് സിഡ്കോ അധിക വിലയാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടർ മുഖേനയല്ലാത്തതിനാലാണ് പ്രസ്തുത തയ്യൽ മെഷീനുകൾക്ക് അധികം വില നൽകേണ്ടി വന്നിട്ടുള്ളത്. ഇപ്രകാരം അധിക വില നൽകി നഗരസഭാ ഫണ്ടിന് നഷ്ടം വരുത്തിയതിന് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയാണ്. മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കാതെ ബ്രാന്റഡ് തയ്യൽ മെഷീനുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 04/2015-16 തീയ്യതി 20.09.2016)

വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതിന് ചെലവായിട്ടുള്ള തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സിഡ്കോ അധിക വില ഈടാക്കിയത് തലശ്ശേരി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-25 ബാലവികലാംഗ സദനത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ

പ്രോജക്ട് നമ്പർഃ എസ്.ഒ. - 305/16

(ബാലവികലാംഗ സദനത്തിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ പഠനത്തിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ - 1,65,000/- (വികസന ഫണ്ട്)

ചെലവ് - 1,57,839/-

ബിൽ നമ്പർ - 3/2015-16 തീയ്യതി 07.10.2015

നിർവ്വഹണോദ്യോഗസ്ഥൻ - സൂപ്രണ്ട്, ബാലവികലാംഗ സദനം, തലശ്ശേരി.

പദ്ധതി പ്രകാരം ബാലവികലാംഗ സദനത്തിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ പഠനത്തിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കമ്പ്യൂട്ടർ ഫർണിച്ചറുകളും വാങ്ങിയ ഇനത്തിൽ (Form 8B- ഇൻവോയ്സ് നമ്പർ SSEKNR/F8B/163, തീയ്യതി 08.12.2015- ഓർഡർ നമ്പർ CHDC/TLY/36/2015 DATED 14.10.2015) 157839/- രൂപ (വിവിധ നികുതികൾ ഉൾപ്പെടെ) കണ്ണൂർ സിഡ്കോ-ന് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര. നം. | വിവരണം/ ഇനം | എണ്ണം | തുക (ഒന്നിന്) | ആകെ തുക | നികുതി നിരക്ക് | നികുതി ഉൾപ്പെടെയുള്ള തുക |
|---|---|---|---|---|---|---|
| 01 | ലെനവോ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ | 3 | 34475 | 103425.00 | 5 % | 108596.00 |
| 02 | Windows 8 SLOEM (ഓപ്പറേറ്റിംഗ് സിസ്റ്റം) | 3 | 6190 | 18570.00 | 5% | 19499.00 |
| 03 | UPS 600 VA | 3 | 2000 | 6000.00 | 14.5% | 6870.00 |

| | | | | | | |
|---|---|---|---|---|---|---|
| 04 | കമ്പ്യൂട്ടർ ടേബിൾ | 3 | 4035 | 12105.00 | 14.5% | 13860.00 |
| 05 | കമ്പ്യൂട്ടർ ചെയർ | 3 | 2624 | 7872.00 | 14.5% | 9014.00 |
| ആകെ | | | | | | 157839.00 |

ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. 2013-ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ, 08.11.2010-ലെ തസ്വഭവ-യുടെ 259/2011 ഉത്തരവ് എന്നിവയിലെ നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് സിഡ്കോവിൽ ടെണ്ടർ നടപടികൾ കൂടാതെ കമ്പ്യൂട്ടർ വാങ്ങിയത് എന്ന് കാണുന്നു. കമ്പ്യൂട്ടർ ചെയറും കമ്പ്യൂട്ടറും ടെണ്ടർ നടപടി കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ഉണ്ടെങ്കിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോവിൽ നിന്നും വാങ്ങുന്നതിന് സർക്കാറിന്റെ പ്രത്യേക ഉത്തരവുകൾ ഒന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 19/15-16 തീയതി 05.11.2016) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സ.ഉ. എം.എസ്. നമ്പർ 30/2011/ഐ.ടി.ഡി. തീയ്യതി 22.09.2011 പ്രകാരമാണ് സിഡ്കോവിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ. എം.എസ്. നമ്പർ 30/2011/ഐ.ടി.ഡി. തീയ്യതി 22.09.2011 സിഡ്കോവിനെ ഐ.ടി. ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ടോട്ടൽ സൊല്യൂഷൻ പ്രവൈഡർ ആയി നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ടെണ്ടർ നടപടി കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് അനുമതി നൽകിയതായി കാണുന്നില്ല.

2. സ.ഉ.പി.177/2006/ധന തീയ്യതി 12.04.2006-ലെ നിബന്ധനകൾ പാലിക്കാതെയാണ് ബിൽ തുക പിൻവലിച്ചതെന്ന് കാണുന്നു. ബിൽ തുക 14.10.2015-നാണ് പണമാക്കിയിട്ടുള്ളത്. ഇതേ തീയ്യതിക്കാണ് ബാലവികലാംഗ സദനം സൂപ്രണ്ട് നമ്പർ CHDC/TLY/36/2015 കത്ത് പ്രകാരം ഇൻവോയ്സ് അംഗീകരിച്ച വിവരം സിഡ്കോവിനെ അറിയിക്കുന്നതും സാധനങ്ങൾ വിതരണം ചെയ്യാനുള്ള ഉത്തരവ് നൽകുന്നതും. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.1 പ്രകാരം ചെലവ് നടത്താതെ യാതൊരു തുകയും മുൻകൂറായി പിൻവലിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിഡ്കോവിന്റെ സാധനം വിതരണം ചെയ്യുന്നത് തന്നെ 08.12.2015-ന് മാത്രമാണ് അതായത് ബിൽ മാറി 55 ദിവസങ്ങൾക്ക് ശേഷം മാത്രമാണ്. സിഡ്കോ നൽകിയ രശീത് പ്രകാരം സിഡ്കോവിന് നൽകിയ ഡി.ഡി.-യുടെ തീയ്യതി 14.12.2015 ആണ്. മേൽ സർക്കാർ

ഉത്തരവിലെ ഖണ്ഡിക 8.4 പ്രകാരം എല്ലാ മാസം അവസാനവും കൈവശമുള്ള 30 ദിവസത്തിൽ കൂടുതലായി വിതരണം ചെയ്യാത്ത തുക/ഡി.ഡി. തിരികെ ട്രഷറിയിൽ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.10.2015-ന് പിൻവലിച്ച 157839/- രൂപ ട്രഷറിയിൽ തിരിച്ചടയ്ക്കാതെ കൈവശം വെച്ചത് താൽക്കാലിക ധനദുർവിനിയോഗത്തിന്റെ പരിധിയിൽ പെടുന്നതാണ്.

3.. 2015-16-ൽ ലെനവോ കമ്പ്യൂട്ടറുകൾക്ക് ഡി.ജി.എസ്. & ഡി. റേറ്റ് കോൺട്രാക്ട് പ്രാബല്യത്തിലുണ്ട് (Computers/IT-1/RC-71090000/1215/81/04878/4542 Dated 17-MAR-15). ഡി.ജി.എസ് & ഡി. റേറ്റ് കോൺട്രാക്ടിലെ നിബന്ധനകൾ പ്രകാരം ലെനവോ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ ഓപ്പറേറ്റിംഗ് സിസ്റ്റമായ Windows 8 /ലിനക്സ് പ്രീ ലോഡഡ് ആണ്. Windows 8 SLOEM (ഓപ്പറേറ്റിംഗ് സിസ്റ്റം) -ന് പ്രത്യേകം തുക നൽകേണ്ട ആവശ്യമില്ല. ആയതിനാൽ Windows 8 SLOEM (ഓപ്പറേറ്റിംഗ് സിസ്റ്റം) ആയി പ്രത്യേകം നൽകിയ തുകയായ 19499/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ ന്യൂനതകൾ ഉള്ളതിനാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി നൽകിയ 19499/- ഓഡിറ്റിൽ നിരാകരിക്കുകയും ബാക്കി തുകയായ 138340/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

**3-26** കോമത്ത് പാറ കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല

ഫയൽ നമ്പർ - ഇ.2-13437/15

പ്രോജക്ട് നമ്പർ - എസ്.ഒ. 218/16 (422/15)

അടങ്കൽ - 1,79,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 1,41,784/-

വൗച്ചർ നമ്പർ - 87/15-16 തീ. 07.04.2016

ചെക്ക് നമ്പർ - 401256/401265 തീ. 07.04.2016

കരാറുകാരൻ - ശ്രീ. പി.സി. സാദിഖ്.

എഗ്രിമെന്റ് നമ്പർ/തീയ്യതി - 16/ഇ.ഇ./എൽ.എസ്.ജി.ഡി./ടി.എം.സി./15-16

തീയ്യതി 13.04.2015

എം.ബുക്ക് നമ്പർ - 81/15 പേജ് 9-13

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

കോമത്ത് പാറ വാട്ടർ സപ്ലൈ സ്കീമിന് വേണ്ടി കഴിഞ്ഞ വർഷം പൂർത്തിയാക്കിയ

ഓവർഹെഡ് ടാങ്കിലേക്ക് 300 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന കിണറിൽനിന്ന് വെള്ളമെത്തിക്കുന്നതിനും ടാങ്കിൽനിന്ന് ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനും വേണ്ടി 2014-15 വർഷം 1,79,000/- രൂപ അടങ്കലായി പ്രോജക്ട് തയ്യാറാക്കി. പ്രസ്തുത പദ്ധതിയിൽ 90 എം.എം. Diameterപി.വി.സി. വഴി ടാങ്കിലേക്കും ടാങ്കിൽ നിന്ന് 63 എം.എം. Diameterപി.വി.സി. മുഖേന ജലവിതരണവും നടത്താനാണ് ലക്ഷ്യമിട്ടത്. പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരണ കാലാവധിയായ 13.08.2015-ലും തുടർന്നുള്ള ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. അളവ് ബുക്ക് പ്രകാരം കിണറ്റിൽ നിന്ന് ടാങ്കിലേക്ക് 298 മീറ്റർ നീളത്തിൽ 90 എം.എം. Diameter പി.വി.സി. പൈപ്പും, ജലവിതരണത്തിനായി 151.20 മീറ്ററിൽ 63 എം.എം.Diameter പി.വി.സി. പൈപ്പും സ്ഥാപിച്ചതായി രേഖയുണ്ട് (എം.ബുക്ക് പേജ് 10, 11). ആയതിന് പാർട്ട് ബില്ലായി 1,41,784/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 48/15-16 തീയ്യതി 28.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീയാക്കി കുടിവെള്ള വിതരണം ആരംഭിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവഴിച്ച തുക പാഴായി പോകുന്ന അവസ്ഥയാണുള്ളത്. ആയതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സത്തിൽവെക്കുന്നു.

**3-27** <u>എസ്റ്റിമേറ്റ് റിവൈസ് ചെയ്തു- കൂടുതൽ അളവ് ടാറിംഗ് നടത്താൻ ചെലവഴിച്ച **53,944/-** രൂപ തടസ്സപ്പെടുത്തുന്നു</u>

ഫയൽ നമ്പർ - ഇ.2/38320/14

പ്രോജക്ട് നമ്പർ - എസ്.ഒ. 63/16 (63/15)

അടങ്കൽ - 4,21,000/- (13-ാം ധനകാര്യ കമ്മീഷൻ

അവാർഡ്)

ചെലവ് - 4,18,354 (വൗച്ചർ നം. 8/15-16, ഡി.ഡി.നം.

383520, 383511 തീ. 19.9.15)

കരാറുകാരൻ - ശ്രീ. കെ. പ്രകാശൻ

എം. ബുക്ക് നമ്പർ - 44/2006 (പേജ് 37 മുതൽ 61 വരെ)

ടി.എസ്. നമ്പർ - 58/ഇ.ഇ./എൽ.എസ്.ജി.ഡി./14-15

തീയ്യതി 16.09.2014

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

എം.എസ്. റോഡിൽനിന്നും ആരംഭിക്കുന്ന റോഡ് 173 മീറ്ററിൽ ടാറിങ് പ്രവൃത്തി നടത്തിയതിനും 23.10 മീറ്റർ നീളത്തിൽ അനുബന്ധ നടപ്പാത കോൺക്രീറ്റ് ചെയ്തതിനും 2015-16 വർഷം 4,18,354/- രൂപ വിനിയോഗിച്ചു. പ്രവൃത്തിയുടെ ഫയൽ, എം.ബുക്ക് എന്നീ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി.

12-ാം പദ്ധതി പ്രോജക്ട് രൂപീകരണ ഫോറം 2, ക്രമ നമ്പർ 32-ൽ നിർമ്മാണ പ്രവൃത്തിയുടെ ആസ്തി സംബന്ധിച്ച വിവരങ്ങളിൽ പ്രസ്തുത റോഡിന്റെ വീതി 2.50 മീറ്ററും ക്യാരേജ് വേയുടെ വീതി 2.50 മീറ്ററും നീളം 172 മീറ്ററുമാണ്. എസ്റ്റിമേറ്റിലും അനുബന്ധ സൈറ്റ് പ്ലാനിലും റോഡിന്റെ ശരാശരി വീതി 2.50 മീറ്ററും നീളം 175 മീറ്ററും ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം 430 എം.2 ഏരിയായിലാണ് ടാറിങ് പ്രവൃത്തി ചെയ്യേണ്ടത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീതി 2.50 മീറ്ററിൽ നിന്ന് 2.92 മീറ്ററാക്കി കണക്കാക്കി 506.33 എം.2 ഏരിയ ടാറിങ് നടത്തുക വഴി 76 എം.2 ഏരിയ കൂടുതലായി ഉൾപ്പെടുത്തി ടാറിങ് നടത്തിയതിന് എസ്റ്റിമേറ്റ് തുകയായ 4,21,000/- രൂപയിൽ ഒതുക്കി 53,944/- രൂപ കരാറുകാരന് നൽകി. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണമായി സൂചിപ്പിച്ചത് ആദ്യ എസ്റ്റിമേറ്റിൽ ആവറേജ് ഏരിയ എടുത്തത് കുറഞ്ഞുപോയതിനാലും കോൺക്രീറ്റ് ചെയ്യേണ്ട ഏരിയ കുറവായി കണ്ടതിനാലും എന്നാണ്.

മേൽ പ്രവൃത്തിയുടെ കരാർ ഒപ്പുവെച്ചത് 05.01.2015-ലാണ് (ഉടമ്പടി നമ്പർ 117/ഇ.ഇ. /എൽ.എസ്.ജി.ഡി./ടി.എം.സി./14-15). 2012-ലെ ഷെഡ്യൂൾ നിരക്കിൽ 2014-15-ൽ നടത്തേണ്ടിയിരുന്ന ഈ പ്രവൃത്തി 2015-16-ലാണ് നടത്തിയത്. 2015-16-ൽ തലശ്ശേരി നഗരസഭയിൽ ഡി.എസ്.ആർ 2014 നിരക്കാണ് പ്രാബല്യത്തിലുള്ളത്. 2014-15-ൽ പൂർത്തിയാക്കേണ്ടിയിരുന്ന മേൽ പ്രവൃത്തി 2015-16-ൽ പൂർത്തിയാക്കുമ്പോൾ കരാറുകാരനുണ്ടാകുന്ന നഷ്ടം മറിക്കടക്കാൻ വേണ്ടിയാണ് സൈറ്റ് പ്ലാനിലെ അളവിലും എസ്റ്റിമേറ്റിലെ അളവിലും കൂടുതൽ ഏരിയ ടാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആദ്യ എസ്റ്റിമേറ്റിൽ ഒതുങ്ങി പ്രവൃത്തി ചെയ്തിരുന്നുവെങ്കിൽ 53,944/- രൂപയുടെ സാമ്പത്തിക നേട്ടം നഗരസഭയ്ക്ക് ഉണ്ടാകുമായിരുന്നു. അപാകതകൾക്ക് വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 32/15-16 തീയ്യതി 18.11.2016) മറുപടിയോ വിശദീകരണമോ ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റിലും സൈറ്റ് പ്ലാനിലും കാണിച്ച അളവിനേക്കാൾ കൂടുതൽ അളവിൽ ടാറിങ് നടത്തിയതുവഴി ചെലവഴിച്ച 53,944/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**3-28** <u>നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണം - അപാകത - **1,16,207.61/-** രൂപ നിരാകരിക്കുകയും **12,97,864.39/-** രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു</u>

പ്രോജക്ട് നമ്പർ - എസ്.ഒ. 156/2015-16

ഫയൽ നമ്പർ - ഇ.1/41055/14

എം.ബുക്ക് നമ്പർ - 94/15

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ.

തലശ്ശേരി നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണം എന്ന പദ്ധതിയ്ക്കായി താഴെ പറയുന്ന പ്രകാരം 2015-16 കാലയളവിൽ 14,14,072/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതിരം) നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്ര.നം. | ബിൽ നം./തീയ്യതി | തുക | ലഘുവിവരണം |
|---|---|---|---|
| 01 | 219/15-16 തീ. 31.03.2016 | 565790/- | തലശ്ശേരി നഗരസഭയിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണം പ്രവൃത്തി - ഒന്നാം പാർട്ട് ബിൽ - കരാറുകാരൻ ശ്രീ. കെ.പ്രകാശന് നൽകിയത് |

| | | | |
|---|---|---|---|
| | | | |
| 02 | 228/15-16 തീ 31.03.2016 | 848282/- | തലശ്ശേരി നഗരസഭയിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണം പ്രവൃത്തി - ഫർണിച്ചർ വാങ്ങിയത് - റബ്കോവിന് നൽകിയത്. |
| ആകെ | | 1414072/- | |

മേൽ ഫയലും ബില്ലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

സ.ഉ.(എം.എസ്.) 330/04/തസ്വഭവ തീ. 9.12.04, സർക്കുലർ നം. 12245/പി.1 /05/തസ്വഭവ തീ. 14.3.05, സർക്കുലർ നം. 49776/പി.1/05/തസ്വഭവ തീ. 30.12.05, സർക്കുലർ നം. 5621/എഫ്.എം.1/09/തസ്വഭവ തീ. 21.5.09, സ.ഉ.(എം.എസ്.) 300/10/തസ്വഭവ തീ. 10.12.10, സ.ഉ.(സാധാ) 354/11/തസ്വഭവ തീ. 2.2.11 എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഒന്നുംതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് അറ്റകുറ്റപണികൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഫർണിച്ചർ വാങ്ങുന്നതിനും മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയതായി കാണുന്നില്ല. തലശ്ശേരി നഗരസഭ ഓഫീസ് കെട്ടിടസമുച്ചയത്തിൽ തന്നെയാണ് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നത്. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) നിന്നും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം അറ്റകുറ്റപ്പണി നടത്തുന്നതിനും സർക്കാരിൽ നിന്നും പ്രത്യേക അനുമതി നഗരസഭയ്ക്ക് ലഭിച്ചതായും കാണുന്നില്ല. ഇതിനു പുറമേ റബ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയപ്പോൾ സ.ഉ.(ആർ.ടി.)38/2015/എസ്.പി.ഡി. തീയ്യതി 29.06.2015 പ്രകാരം

അനുവദിനീയമായ തുകയേക്കാൾ 1,16,207.61/- (ഒരു ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി ഏഴ് രൂപ അറുപത്തൊന്ന് പൈസ മാത്രം) രൂപ റബ്കോവിന് അധികം നൽകിയതായി കാണുന്നു (വിശദവിവരം താഴെ പട്ടികയിൽ കൊടുത്തിട്ടുണ്ട്). ഇത് സംബന്ധിച്ച് 19.11.2016-ന് 37/15-16 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് നവീകരണത്തിനായി ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച 1414072/- രൂപയിൽ റബ്കോവിന് അധികം നൽകിയ 1,16,207.61/- ഓഡിറ്റിൽ നിരാകരിക്കുകയും ഫർണിച്ചർ വാങ്ങുന്നതിനും ഓഫീസ് നവീകരണത്തിനും സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവഴിച്ച (നിരാകരിച്ച തുക കഴിച്ചുള്ള തുക) 1297864.39/- രൂപ (1414072 – 116207.61 = 1297864.39) തടസ്സപ്പെടുത്തുന്നു.

റബ്കോവിന് അധികം അനുവദിച്ച തുകയായ 116207.61/- രൂപ ഉത്തരവാദിയായ നഗരസഭാ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>റബ്കോവിന് അധികം തുക അനുവദിച്ചതിന്റെ വിവരം കാണിക്കുന്ന പട്ടിക.</u>

| ഇനം | റബ്കോ സമർപ്പിച്ച ബില്ലിലെ ക്ര.നം. | സ.ഉ (ആർ.ടി.) 38/2015/ എസ്.പി.ഡി.-ലെ ക്ര.നം. | സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച നിരക്ക് | റബ്കോവിന് നൽകിയ നിരക്ക് | എണ്ണം/ അളവ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|---|
| JUNIOR EXECUTIVE TABLE | 01 | 44 | 14583 / 1 Nos | 16897.82 / 1 Nos | 15 | 218745.00 | 253467.30 | 34722.30 |
| MANAGERS TABLE | 02 | 45 | 14940 / 1 Nos | 17311.80 / 1 Nos | 3 | 44820.00 | 51935.40 | 7115.40 |
| WORKSTATION SINGLE SEATER AS PER DRG | 03 | 51 | 21654 / 1 Nos | 25091.70 / 1 Nos | 1 | 21654.00 | 25091.70 | 3437.70 |
| EXECUTIVE TABLE6X3 | 04 | 10 | 17204 / 1 Nos | 19935.37 / 1 Nos | 1 | 17204.00 | 19935.37 | 2731.37 |
| SHELF BIG | 05 | 48 | 19868 / 1 Nos | 23021.83 / 1 Nos | 4 | 79472.00 | 92087.32 | 12615.32 |
| SHELF (SMALL) | 06 | 47 | 12720 / 1 Nos | 14738.86 / 1 Nos | 12 | 152640.00 | 176866.32 | 24226.32 |
| SHELF AS PER DRG (2000H*1450L*450D) | 07 | 48 a | 10456 / Sqm | 12116.16 / Sqm | 2.90 Sqm | 30322.40 | 35136.86 | 4814.46 |
| SHELF AS PER DRG (1900HX750LX450D) | 08 | 48 a | 10456 / Sqm | 12116.16 / Sqm | 1.43 Sqm | 14952.08 | 17326.11 | 2374.03 |
| SHELF AS PER DRG | 09 | 48 a | 10456 / | 12116.16 / | 1.40 | 14638.40 | 16962.62 | 2324.22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (1200H*1170L*450D) | | | Sqm | Sqm | Sqm | | | |
| PARTITION (7Sq Mtr) | 10 | 42 a | 3885 / Sqm | 4501.30 / Sqm | 7.00 Sqm | 27195.00 | 31509.10 | 4314.10 |
| WALL PANELLING (Sq Mtr) | 11 | 53 a | 3270 / Sqm | 3789.52 / Sqm | 5.42 Sqm | 17723.40 | 20539.20 | 2815.80 |
| ആകെ | | | | | | 639366.28 | 740857.30 | 101491.02 |
| വാറ്റ് (14.5 %) | | | | | | 92708.11 | 107424.31 | 14716.20 |
| മറ്റിനം (റൗണ്ടിംഗ്) | | | | | | -- | 0.39 | 0.39 |
| ആകെ മൊത്തം | | | | | | 732074.39 | 848282.00 | 116207.61 |

## 3-29 ഒഴിവാക്കി

## 3-30 കുട്ടിമാക്കൂൽ മിനിസ്റ്റേഡിയത്തിന് ഗ്യാലറി നിർമ്മാണം - രണ്ടാം ഘട്ടം - പദ്ധതി നിർവ്വഹണത്തിലെ അപാകത – തുക തടസ്സപ്പെടുത്തുന്നു

ഫയൽ നമ്പർ - ഇ.2/41019/14

പ്രോജക്റ്റ് നമ്പർ - എസ്.ഒ.207/16 (389/15)

അടങ്കൽ - 4,95,000/- (1,50,000 – വിക. ഫണ്ട് +

3,45,000 – തനത് ഫണ്ട്)

ബിൽ നമ്പർ/തീയ്യതി - 179/15-16 തീ. 31.03.2016

കരാറുകാരൻ - ശ്രീ. എ. സജു.

എം.ബുക്ക് നമ്പർ - 24/2014 (പേജ് 14 മുതൽ 16 വരെ)

ഫണ്ട് - വികസന ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

നഗരസഭയിലെ കുട്ടിമാക്കൂൽ മിനി സ്റ്റേഡിയത്തിന് ഗ്യാലറി നിർമ്മാണം രണ്ടാം ഘട്ടത്തിൽ നിലവിൽ ഉദ്ദേശ്യം 90 മീറ്റർ നീളത്തിലുള്ള കരിങ്കൽ ഗ്യാലറിയോട് ചേർന്ന് പത്ത് മീറ്റർ നീളത്തിൽ 0.70 മീറ്റർ വീതിയിൽ 0.40 ഉയരത്തിൽ മൂന്ന് കരിങ്കൽ സ്റ്റെപ്പുകൾ പണിതതിനും 1360.23 എം.3 മണ്ണ് ഫില്ലിങ് ചെയ്തതിനും വികസന ഫണ്ടിൽ ലിമിറ്റ് ചെയ്ത് കരാറുകാരന് 1,50,000/- രൂപ അനുവദിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു. .

| ലഘുവിവരം | തുക |
|---|---|

| | |
|---|---|
| വാറ്റ് | 6691 |
| ആദായ നികുതി | 1673 |
| കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 1673 |
| ഫൈൻ | 21670 |
| കരാറുകാരന് നൽകിയത് | 118293 |
| ആകെ | 150000 |

ഫയൽ, സ്കെച്ച് അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത ന്യൂനതകൾ കാണുന്നു

1. 14.11.2014-ൽ ഉടമ്പടി ഒപ്പുവെച്ച പ്രവൃത്തി 2015-16 സാമ്പത്തിക വർഷാവസാനവും പൂർത്തീകരിച്ചില്ല.

2. നഗരസഭാ ആസ്തിയാണ് മിനി സ്റ്റേഡിയമായി വികസിപ്പിക്കാൻ ഉദ്ദേശിച്ചതെങ്കിലും തണ്ണീർത്തടമായ പ്രസ്തുത സ്ഥലത്താണ് ഫില്ലിങ് നടത്തിയത് എന്ന് സൈറ്റ് സന്ദർശനത്തിന് വ്യക്തമാകുന്നു.

3. നിർദ്ദിഷ്ട മിനി സ്റ്റേഡിയത്തിന് ചുറ്റും സ്വകാര്യ സ്ഥലമാണ്. സ്റ്റേഡിയത്തിലേക്ക് ഉദ്ദേശം 30 മീറ്ററെങ്കിലും സ്വകാര്യ സ്ഥലം കടന്നുവേണം സ്റ്റേഡിയത്തിലേക്ക് പ്രവേശിക്കാൻ. വഴിയില്ലാത്ത സ്ഥലമാണ് സ്റ്റേഡിയം നിർമ്മാണത്തിനായി കണ്ടെത്തിയത് എന്ന് സൈറ്റ് പ്ലാനും സ്കെച്ചും പരിശോധിച്ചതിൽ വ്യക്തമായി.

4. ഒന്നാം പാർട്ട് ബില്ല് തുകയായി കരാറുകാരന് 1,50,000/- രൂപ അനുവദിച്ചപ്പോൾ നിയമപ്രകാരമുള്ള റിടെൻഷൻ തുക പിടിച്ചിരുന്നില്ല. ആയതിന് കാരണമായി എ.ഇ.(1) 25.03.2016-ന് ഫയലിൽ നോട്ട് എഴുതിയത് ഈ പ്രവൃത്തി തുടരുവാനുള്ള സാഹചര്യം ഇല്ലാത്തതിനാലാണ് റിടെൻഷൻ തുക പിടിക്കാതിരിക്കുന്നത് എന്നാണ്. ഈ പരാമർശത്തിൽ നിന്നും പദ്ധതി തുടരാനും മിനി സ്റ്റേഡിയം ഗ്യാലറി നിർമ്മാണം പൂർത്തിയാക്കാനുമുള്ള സാഹചര്യം നിലവിലില്ല എന്ന് വ്യക്തമാകുന്നു.

പ്രായോഗികമല്ലാത്ത പദ്ധതി ആവിഷ്കരിച്ച് പദ്ധതി പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 25/2015-16 തീയ്യതി 10.11.2016) നൽകിയ മറുപടിയിൽ കുട്ടിമാക്കൂൽ മിനി സ്റ്റേഡിയത്തിന് വേണ്ടി അക്വയർ ചെയ്ത ഭൂമിയിൽ തണ്ണീർതട നീർത്തട നിയമം അനുസരിച്ച് മണ്ണിട്ട് ഉയർത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിയുടെ എൻ.ഒ.സി. ആവശ്യമാണെന്നും നഗരസഭയുടെ പ്രവൃത്തിയുടെ ഭാഗമായി ഫില്ലിംഗ് നടത്തുതിന്റെ വെളിച്ചത്തിൽ സമീപവാസികൾ

അവരുടെ ഭൂമിയിൽ മണ്ണ് ഫില്ലിംഗ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് നഗരസഭയുടെ പ്രവൃത്തി നിർത്തിവെക്കുകയാണ് ചെയ്തത് എന്ന് നഗരസഭ എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. പ്രായോഗികമല്ലാത്ത പദ്ധതി ഭാഗികമായി നടപ്പിലാക്കിയതുവഴി വികസന ഫണ്ടിൽ നിന്നും ഒന്നാം പാർട്ട് ബില്ലായി അനുവദിച്ച 150000/- രൂപ പാഴ് ചെലവായി മാറുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ വികസന ഫണ്ടിൽ നിന്നും ഈയിനത്തിൽ അനുവദിച്ച 150000/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീയാക്കാൻ സാധിക്കില്ല എന്ന് നഗരസഭയ്ക്ക് പൂർണ്ണ ബോധ്യമുണ്ടെങ്കിൽ ഈ തുക ഉത്തരവാദിയായ നഗരസഭാ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-31** <u>ചിറക്കര ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി -എൽ.ബി.എസിന് കൺസൾട്ടൻസി ചാർജ് നൽകിയത് - തുക തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ടിന്റെ പേര് - വാർഡ് 12-ൽ ചിറക്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഇരുനിലകോൺക്രീറ്റ് കെട്ടിടത്തിലെ സ്പെഷ്യൽ അറ്റകുറ്റപ്പണി.

ഫയൽ നമ്പർ - ഇ.2/59009/15

പ്രോജക്ട് നമ്പർ - എസ്.ഒ.409/16

ബിൽ നമ്പർ - 70/15-16 തീ. 15.01.2016

തുക - 28625/-

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

തലശ്ശേരി വാർഡ് 12-ൽ ചിറക്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഇരുനില കോൺക്രീറ്റ് കെട്ടിടത്തിലെ സ്പെഷ്യൽ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. തലശ്ശേരി നഗരസഭയിലെ ചിറക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഇരുനില കോൺക്രീറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റും, റിപ്പോർട്ടും തയ്യാറാക്കിയതിന് കൺസൾട്ടൻസി ചാർജിനത്തിൽ എൽ.എബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-ൽ നിന്നും 28625/- രൂപ കൺസൾട്ടൻസി ചാർജ്ജായി നൽകിയിട്ടുണ്ട്. സ.ഉ.(എം.എസ്.) 330/04/തസ്വഭവ തീ. 9.12.04, സർക്കുലർ നം. 12245/പി.1 /05/തസ്വഭവ തീ. 14.3.05, സർക്കുലർ നം. 49776/പി.1/05/തസ്വഭവ തീ. 30.12.05,

സർക്കുലർ നം. 5621/എഫ്.എം.1/09/തസ്വഭവ തീ. 21.5.09, സ.ഉ.(എം.എസ്.) 300/10/തസ്വഭവ തീ. 10.12.10, സ.ഉ.(സാധാ) 354/11/തസ്വഭവ തീ. 2.2.11 എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഒന്നുംതന്നെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് സർക്കാർ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽനിന്നും കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് നഗരസഭയ്ക്ക് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചതായും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

2. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ 22.01.2014-ലെ ബി.1/166/14 -ലെ കത്ത് പ്രകാരം കൺസൾട്ടൻസി ചാർജ് മുൻകൂറായാണ് നഗരസഭ മേൽ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. സ.ഉ.(പി.)177/2006/ധന തീയ്യതി 12.04.2006, സ.ഉ.(പി.)119/2015/ധന തീയ്യതി 21.03.2015 എന്നിവ പ്രകാരം കൺസൾട്ടൻസി ചാർജ്ജ് മുൻകൂറായി പിൻവലിച്ച് നൽകുതന്നിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽനിന്നും കൺസൾട്ടൻസി ചാർജ്ജ് മുൻകൂറായി നൽകുന്നതിന് നഗരസഭയ്ക്ക് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചതായും ഫയലിൽ രേഖകപ്പെടുത്തിയതായി കാണുന്നില്ല.

3. വിശദമായ ശാസ്ത്രീയമായ പരിശോധന നടത്താതെ കെട്ടിടം അളന്നുപോലും നോക്കാതെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റും ഏതാനും ഫോട്ടോകളും മാത്രമാണ് എൽ.ബി.എസ്. നഗരസഭയ്ക്ക് സമർപ്പിച്ചതെന്നും പ്രവൃത്തിയുടെ സ്വഭാവം സൂചിപ്പിക്കുന്ന കാര്യാമയ സ്പെസിഫിക്കേഷൻ, അനാലിസിസ് ഡാറ്റാസ്, ഡീറ്റേയിൽഡ് മെഷർമെന്റ് എന്നിവ ഇല്ലാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും വിഷയത്തെ ഗൗരവമായി സമീപിക്കാതെ "*തട്ടിക്കൂട്ടിയ*" റിപ്പോർട്ട് കൊണ്ട് നഗരസഭയ്ക്ക് യാതൊരു പ്രയോജനവുമില്ലായെന്നും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിനും അല്ലെങ്കിൽ എൽ.ബി.എസി-ന് സാങ്കേതികക്ഷമത ഇല്ലെങ്കിൽ ആ കാര്യം നഗരസഭയെ അറിയിച്ച് കൺസൾട്ടൻസി ഫീസ് തിരികെ നൽകുവാനും നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ 29.03.16-ന് ഇ.2/59009/15 നമ്പർ കത്ത് പ്രകാരം എൽ.ബി.എസ്-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽനിന്നും കൺസൾട്ടൻസി ചാർജ് അനുവദിക്കുമ്പോൾ എൽ.ബി.എസി-ന്റെ ഈ വിഷയത്തിലുള്ള സാങ്കേതികക്ഷമതയെക്കുറിച്ച് നഗരസഭയ്ക്ക് ബോധ്യമുണ്ടായിരുന്നില്ല എന്നാണ് വ്യക്തമാകുന്നത്. നാളിതുവരെ എൽ.ബി.എസ്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തരുകയോ കൈപ്പറ്റിയ കൺസൾട്ടൻസി ചാർജ് തിരികെ നൽകുകയോ ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ 21.11.2016-ലെ ഓഡിറ്റ് അന്വേഷണം നമ്പർ 39/15-16

പ്രകാരം നഗരസഭാ എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ഈ വിഷയത്തിൽ എൽ.ബി.എസിനുള്ള സാങ്കേതികക്ഷമതയെക്കുറിച്ച് ബോധ്യപ്പെടാതെയും അനുവദിച്ച കൺസൾട്ടൻസി ചാർജ്ജായ 28625/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ തുക എൽ.ബി.എസിൽ നിന്ന് തിരികെ ലഭിക്കാത്തപക്ഷം ഉത്തരവാദിയായ നഗരസഭാ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-32** <u>നഗരസഭ ഓഫീസ് അറ്റകുറ്റപ്പണി - ഫർണിച്ചർ വാങ്ങിയത് - റബ്കോവിന് അധികം തുക നൽകിയത് - തുക നിരാകരിക്കുന്നു</u>

പ്രോജക്ടിന്റെ പേര് - നഗരസഭ ഓഫീസ് അറ്റകുറ്റപ്പണി

പ്രോജക്ട് നമ്പർ - 542/2016

ബിൽ നമ്പർ/തീയ്യതി - 227/15-16/31.03.2016

തുക - 116780/-

ഫണ്ട് - വികസന ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - നഗരസഭാ എഞ്ചിനീയർ

നഗരസഭ ഓഫീസ് അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ ഭാഗമായി 20 എണ്ണം എക്സിക്യൂട്ടീവ് വിസിറ്റേർസ് ചെയർ റബ്കോയിൽ നിന്ന് വാങ്ങിയതിന് 15997.10/- രൂപ സ.ഉ.(ആർ.ടി.)38/2015/എസ്.പി.ഡി. തീയ്യതി 29.06.2015 പ്രകാരം അനുവദനീയമായ തുകയിലും അധികം അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച നിരക്ക് (ഒരെണ്ണത്തിന്) | റബ്കോവിന് നൽകിയ നിരക്ക് (ഒരെണ്ണത്തിന്) | അനുവദിക്കാവുന്ന തുക (ഇരുപത് എണ്ണത്തിന്) | അനുവദിച്ച തുക (ഇരുപത് എണ്ണത്തിന്) | അധികം അനുവദിച്ചത് (ഇരുപത് എണ്ണത്തിന്) |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് വിസിറ്റേർസ് ചെയർ | 4401.00 | 5099.56 | 88020.00 | 101991.20 | 13971.20 |
| വിൽപ്പന നികുതി | | | 12762.90 | 14788.72 | 2025.82 |

| | | | | | |
|---|---|---|---|---|---|
| (14.5%) | | | | | |
| മറ്റിനം (റൗണ്ടിംഗ്) | | | | 0.08 | 0.08 |
| ആകെ | | | 100782.90 | 116780.00 | 15997.10 |

ഇത് സംബന്ധിച്ച് 24.11.2016-ന് നമ്പർ 46/15-16 ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റബ്കോവിന് സർക്കാർ ഉത്തരവ് പ്രകാരം അനുവദിനീയമായതിലും അധികമായി അനുവദിച്ച 15997.10 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ നഗരസഭാ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-33 വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച മുൻകൂറുകൾ - തിരികെ ഈടാക്കാത്തത് സംബന്ധിച്ച്

